compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഓഗസ്റ്റ് 26
Tuesday, 26th August 2025

1201 ചിങ്ങം 10
10th Chingam 1201

1947 ഭാദ്രം 4
4th Bhadra 1947

വാല്യം 14
Vol. XIV

നമ്പർ / No. **34**

Part III

Revenue Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

KOLLAM DISTRICT

പുനലൂർ റവന്യൂ ഡിവിഷണൽ ആഫീസറുടെ നടപടിക്രമം

(ഹാജർ : സുരേഷ് ബാബു, ജി.)

നമ്പർ RDOPLR/2052/2025-F. 2025 ആഗസ്റ്റ് 18.

വിഷയം:—സർക്കാർ വസ്തു എന്ന് ന്യായവില രജിസ്റ്ററിൽ വന്നിട്ടുള്ള സ്ഥലത്ത് നിന്നും പട്ടയ പ്രകാരം വന്നിട്ടുള്ള വസ്തുക്കളുടെ ന്യായവില/ഫെയർ വാല്യൂ, ക്ലാസ്സിഫിക്കേഷൻ എന്നിവ നിർണ്ണയിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) ശ്രീമതി റീബ ഫ്രാൻസിസ്, പ്ലാം പറമ്പിൽ പുത്തൻവീട്, ഏനാദി മംഗലം, മാരൂർ, അടൂർ എന്നവർ സമർപ്പിച്ച അപേക്ഷ.

(2) പുനലൂർ തഹശീൽദാരുടെ 2-8-2025 തീയതിയിലെ TLKPLR/2034/2025-B1 നമ്പർ റിപ്പോർട്ട്.

(3) വാളക്കോട് വില്ലേജ് ഓഫീസറുടെ 12-6-2025 തീയതിയിലെ 212/25 നമ്പർ റിപ്പോർട്ട്

(4) കേരള മുദ്രപത്ര നിയമം 1959 സെക്ഷൻ 28A ചട്ടം 5(4).

(5) ബഹു. കേരള ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019 തീയതിയിലെ LA3-54647-ാം നമ്പർ പരിപത്രം.

(6) 14-11-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/റ്റി. ഡി.

(7) 31-3-2018-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 43/2018/റ്റി. ഡി. (S.R.O. No. 186/2018).

(8) 30-4-2019-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 70/2019/റ്റി. ഡി. (S.R.O. No. 311/2019).

(9) 31-3-2020-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 47/2020/റ്റി. ഡി. (S.R.O. No. 266/2020).

(10) 30-3-2022-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 29/2022/റ്റി. ഡി. (S.R.O. No. 305/2022).

(11) 25-3-2023-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 45/2023/റ്റി. ഡി. (S.R.O. No. 420/2023).

പുനലൂർ സബ് ഡിവിഷനിൽ പുനലൂർ താലൂക്കിൽ വാളക്കോട് വില്ലേജിൽ സർവ്വേ നമ്പർ 538/1 H, 538/1 V എന്നിവയിൽപ്പെട്ട വസ്തുക്കളുടെ ഫെയർ വാല്യൂ, ക്ലാസിഫിക്കേഷൻ എന്നിവ പുനർ നിർണ്ണയിക്കുന്നതിന് ശ്രീമതി റീബ ഫ്രാൻസിസ് എന്നവർ സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയതിൻമേൽ പുനലൂർ തഹശീൽദാർ, വാളക്കോട് വില്ലേജ് ഓഫീസർ എന്നിവർ യഥാക്രമം സൂചന (2), (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

പുനലൂർ സബ് രജിസ്ട്രാർ ഓഫീസിലെ 4386/2008 നമ്പർ വിലയാധാര പ്രകാരം സൂചന (1) അപേക്ഷകയായ ശ്രീമതി റീബ ഫ്രാൻസിസ് പേരിൽ വാളക്കോട് വില്ലേജിൽ സർവ്വേ നമ്പർ 538/1-ൽപ്പെട്ട 2.83 ആർ പുരയിടത്തിനു അവകാശം ലഭിച്ചിട്ടുള്ളതും ടി വില്ലേജിൽ നമ്പർ 16181 തണ്ടപ്പേരിൻപടി സർവ്വേ നമ്പർ 538/1 H-ൽ കരം ഒടുക്കി വരുന്ന വസ്തുവാണ്. ടി സബ് രജിസ്ട്രാർ ഓഫീസിലെ 2649/2015 നമ്പർ വിലയാധാര പ്രകാരം സർവ്വേ നമ്പർ 538/1-ൽപ്പെട്ട 1.21 ആർ പുരയിടത്തിനു സൂചന അപേക്ഷകയുടെ പരേതനായ ഭർത്താവ് ജോസ് മോൻ പി. കുര്യൻ പേരിൽ അവകാശം ലഭിച്ചിട്ടുള്ളതും ടി വില്ലേജിലെ 23015 നമ്പർ തണ്ടപ്പേരിൻപടി സർവ്വേ നമ്പർ 538/1 V-ൽ കരം ഒടുക്കി വരുന്ന വസ്തുവാണ്. ജോസ് മോൻ പി. കുര്യൻ 4-10-2023 തീയതിയിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മരണപ്പെട്ടിട്ടുള്ളതും ശ്രീമതി റീബ ഫ്രാൻസിസ് (ഭാര്യ), റിൻസി പി. ജോസ് (മകൾ) എന്നിവർ അനന്തര അവകാശികളായി ഉള്ളതായി അടൂർ തഹശീൽദാരുടെ 4-3-2024 തീയതിയിലെ TKADR/1477/2023-C2 നമ്പർ അനന്തര അവകാശ സർട്ടിഫിക്കറ്റ് പ്രകാരം കാണുന്നു.

2010-ലെ ഫെയർ വാല്യൂ രജിസ്റ്റർ പ്രകാരം ടി വസ്തുക്കൾ ഉൾപ്പെട്ടു വരുന്ന സർവ്വേ നമ്പർ 538/1-1-നു ന്യായവില ഒരു രൂപയും Government Property എന്ന ക്ലാസ്സിഫിക്കേഷനും നല്കിയിട്ടുള്ളതാണെന്നും സർക്കാർ വസ്തു എന്ന് ഫെയർ വാല്യൂ രജിസ്റ്ററിൽ വന്നിട്ടുള്ള അപാകത പരിഹരിക്കുന്നതിലേക്കായിട്ടാണ് സൂചന (1) അപേക്ഷ പ്രകാരം സമർപ്പിച്ചിരിക്കുന്നതെന്നും കാണുന്നു. ബി ടി ആർ പ്രകാരം വാളക്കോട് വില്ലേജിൽ സർവ്വേ നമ്പർ 538/1-1-ൽപ്പെട്ട വസ്തു 2.9463 ഹെക്ടർ വിസ്തീർണ്ണത്തിൽ പുറമ്പോക്കായി വന്നിട്ടുള്ളതായും ടി സർവ്വേ നമ്പരിൽ നിന്നും പതിവുകൾ വന്നിട്ടുള്ളതാണ്. അപേക്ഷ വസ്തുക്കൾ പട്ടയപ്രകാരം വന്നിട്ടുള്ള വസ്തുവാണെന്നും ടി വസ്തുക്കൾക്ക് ന്യായവിലയും ക്ലാസിഫിക്കേഷനും അനുവദിച്ചു നൽകിയിട്ടില്ല എന്നും കാണുന്നു.

പത്തനാപുരം തഹശീൽദാരുടെ LAC-70/84 നമ്പർ പട്ടയ പ്രകാരം സർവ്വേ നമ്പർ 538/1-ൽപ്പെട്ട 10.12 ആർ വസ്തു വി. കെ. കുഞ്ഞുകുട്ടി, വലിയകാലായിൽ വീട്, മുക്കടവ് എന്നവർ പേരിൽ അവകാശം ലഭിച്ചിട്ടുള്ളതും ടി വസ്തുവിൽ നിന്നും 1.21 ആർ വസ്തു പരേതനായ ശ്രീ. ജോസ് മോൻ പി. കുര്യൻ പേരിൽ വിലയാധാര പ്രകാരം കൈമാറിയിട്ടുള്ളതുമാണ്. ടി വസ്തുവിന് ഒരു ആർ നു ₹ 27,273 നിരക്കിൽ ആകെ 33,000 രൂപയ്ക്കാണ് വിൽപ്പന നടത്തിയിട്ടുള്ളതെന്ന് ടി ആധാരത്തിൽ കാണുന്നു.

പത്തനാപുരം തഹശീൽദാരുടെ LAC-74/84 നമ്പർ പട്ടയ പ്രകാരം സർവ്വേ നമ്പർ 538/1-ൽപ്പെട്ട 2.83 ആർ വസ്തു പി. സി. യോഹന്നാൻ, താവരത്തു പുത്തൻ വീട്, മുക്കടവ് എന്നയാൾ പേരിൽ അവകാശം ലഭിച്ചിട്ടുള്ള ടി വസ്തു 193/2004 നമ്പർ ഇഷ്ടദാനാധാര പ്രകാരം ബാബു, മിനിമോൾ എന്നിവർക്ക് ലഭിച്ചിട്ടുള്ളതും ടി വസ്തു 4386/2008 നമ്പർ വിലയാധാര പ്രകാരം ശ്രീമതി റീബ ഫ്രാൻസിസ് പേരിൽ കൈമാറിയിട്ടുള്ളതുമാണ്. ടി വസ്തുവിന് ഒരു ആർ-നു ₹ 16,254 നിരക്കിൽ ആകെ 46,000 രൂപയ്ക്കാണ് വിൽപ്പന നടത്തിയിട്ടുള്ളതെന്ന് ടി ആധാരത്തിൽ കാണുന്നു.

ടി വില്ലേജിൽ സർവ്വേ നമ്പർ 538/1/59-ൽപ്പെട്ട വസ്തുവിനു 2010-ലെ ഫെയർ വാല്യൂ രജിസ്റ്റർ പ്രകാരം ഫെയർ വാല്യൂ/ന്യായവില ഒരു ആർ-ന് ₹ 17,000 (നിലവിൽ ₹ 44,880) Residential Plot with PWD Road Access എന്ന ക്ലാസ്സിഫിക്കേഷനും നല്കിയിട്ടുള്ളതാണ്. അപേക്ഷ വസ്തുക്കളുടെ ന്യായവിലയും ക്ലാസിഫിക്കേഷനും പുനർ നിർണ്ണയിക്കുന്നതിനു ടി വസ്തുക്കളിൽ നിന്നും ഏകദേശം 500 മീറ്റർ മാറി സ്ഥിതി ചെയ്യുന്ന പുരയിടമായ ടി വസ്തു സമവും സമാനവുമായ അടിസ്ഥാന വസ്തുവായി പരിഗണിച്ചു ടി വസ്തുവിന് 2010-ലെ ന്യായ വിലയായ ₹ 17,000-ം അപേക്ഷ വസ്തുക്കൾക്ക് പഞ്ചായത്ത് റോഡ് പ്രാധാന്യമുള്ളതിനാൽ Residential Plot with Cor./Mun./Panchayath Road Access എന്ന ക്ലാസ്സിഫിക്കേഷനും നല്കാമെന്നു സൂചന (2), (3) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. അപേക്ഷ വസ്തുക്കൾ പഞ്ചായത്ത് റോഡിനു ചേർന്ന് സ്ഥിതി ചെയ്യുന്നതും സർവ്വേ നമ്പർ 538/1 H വസ്തുവിൽ താമസ വീടു ചമയമായും പ്ലാവ്, തെങ്ങ് മുതൽ മരങ്ങൾ നിൽക്കുന്നതുമാണെന്ന് മഹസർ പ്രകാരം കാണുന്നു.

ജോസ് മോൻ പി. കുര്യൻ പേരിൽ സർവേ നമ്പർ 538/1 V-ൽ കരം ഒടുക്കി വരുന്ന ഒരു ആർ വസ്തു ₹ 27,273 നിരക്കിൽ ആകെ 33,000 രൂപയ്ക്ക് വിൽപ്പന നടത്തിയിട്ടുള്ളതുമായ വസ്തുവിന് 2010-ലെ ന്യായവിലയിൽ നിന്നും 150 ശതമാനം വർദ്ധനവ് വന്നിട്ടുള്ളതാണ് എന്നും അപ്രകാരം 2010-ൽ ഒരു ആർ-ന് ₹ 18,182 വിൽപ്പന വില വരുമെന്നും കാണുന്നു. മേൽ സാഹചര്യത്തിൽ നിലവിൽ സൂചന (2), (3) പ്രകാരം ശുപാർശ ചെയ്തിട്ടുള്ള ഒരു ആർ-ന് ₹ 17,000 എന്ന ന്യായവില എന്നത് ആധാര വിലയേക്കാൾ കുറവായതിനാൽ അംഗീകരിക്കാൻ കഴിയില്ല എന്നും ടി വസ്തുവിന്റെ 2010-ലെ വില്പന വില തന്നെ അപേക്ഷ വസ്തുക്കൾക്ക് ന്യായവിലയായി പരിഗണിക്കേണ്ടതായും കാണുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സൂചന (5) നിർദേശത്തിന്റെയും സമർപ്പിച്ച രേഖകളുടെയും അടിസ്ഥാനത്തിൽ പുനലൂർ തഹശീൽദാരുടെയും വാളക്കോട് വില്ലേജ് ഓഫീസറുടെയും സൂചന (2), (3) ശുപാർശ ഭാഗികമായി അംഗീകരിച്ച് വാളക്കോട് വില്ലേജിൽ കരം ഒടുക്കി വരുന്ന സർവ്വേ നമ്പർ 538/1 H, 538/1 V എന്നിവയിൽപ്പെട്ട അപേക്ഷ വസ്തുക്കൾക്ക് ശരിയായ ക്ലാസ്സിഫിക്കേഷനും അതിന് അനുസൃതമായ ന്യായവിലയും ചേർത്ത് വിജ്ഞാപനം ചെയ്യേണ്ടത് ആവശ്യമാണെന്നു ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

6-3-2010 വിജ്ഞാപനത്തിൽ സർക്കാർ വസ്തു എന്ന് ന്യായവില രജിസ്റ്ററിൽ രേഖപ്പെടുത്തി വന്നിട്ടുള്ളതും പട്ടയം ലഭിച്ച സ്ഥലത്ത് നിന്നും വന്നിട്ടുള്ള വസ്തുക്കൾക്ക് ശരിയായ ന്യായവിലയും ക്ലാസ്സിഫിക്കേഷനും അനുവദിച്ചു ഉത്തരവാകുന്നു.

അപേക്ഷകയുടെ പേരും വിലാസവും	താലൂക്ക്	വില്ലേജ്	സർവ്വേ നമ്പർ	6-3-2010-ലെ ന്യായവിലയും ക്ലാസ്സിഫിക്കേഷനും	പുനർ നിർണ്ണയിച്ച 1-4-2010-ലെ ക്ലാസ്സിഫിക്കേഷൻ	പുനർ നിർണ്ണയിച്ച 1-4-2010-ലെ ന്യായവില (ഒരു ആർ-ന്) ₹
ശ്രീമതി റീബ ഫ്രാൻസിസ്, പ്ലാം പറമ്പിൽ പുത്തൻ വീട്, ഏനാദി മംഗലം, മാരൂർ, അടൂർ തണ്ടപ്പേർ കക്ഷിയും ആധാര കക്ഷിയും 1. ശ്രീമതി റീബ ഫ്രാൻസിസ് 2. ടിയാളുടെ ഭർത്താവ് പരേതനായ ശ്രീ ജോസ് മോൻ പി. കുര്യൻ	പുനലൂർ	വാളക്കോട്	a. 538/1 H, b. 538/1 V	ന്യായവില നിശ്ചയിച്ചിട്ടില്ല	a & b Residential plot with Panchayath Road Access	a & b 18,182

പുനർ നിർണയിച്ച ന്യായവില സൂചന (6) മുതൽ (11) വരെയുള്ള ഉത്തരവുകൾ പ്രകാരമുള്ള വർദ്ധനവുകൾക്കു വിധേയമായിരിക്കുന്നതാണ്.

റവന്യൂ ഡിവിഷണൽ ഓഫീസ്,
പുനലൂർ.

(ഒപ്പ്)
റവന്യൂ ഡിവിഷണൽ ഓഫീസർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലേല പരസ്യം

No. RDOPLR/2081/2025-D. 2025 ആഗസ്റ്റ് 13.

കൊട്ടാരക്കര താലൂക്കിൽ കൊട്ടാരക്കര വില്ലേജിൽ റീസർവ്വെ ബ്ലോക്ക് നമ്പർ 22-ൽ സർവ്വെ 12/10-ൽ പ്പെട്ട 08.10 ആർ ഭൂമിയിൽ നിന്നിരുന്ന മുള്ള് വേങ്ങ, ഉറക്കം തൂങ്ങി, വട്ട എന്നീ മരങ്ങൾ 16-9-2025 തീയതി രാവിലെ 11 മണിക്ക് കൊട്ടാരക്കര വില്ലേജ് ആഫീസിൽ വെച്ച് പരസ്യമായി ലേലം ചെയ്തുവിൽക്കുന്നതായിരിക്കും.

ടി ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നിശ്ചിത സ്ഥലത്തും സമയത്തും എത്തിച്ചേർന്ന് ആവശ്യമായ നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. ലേലത്തിൽ ഏറ്റവും കൂടുതൽ തുകയ്ക്ക് വിളികേൾക്കുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതായിരിക്കും. ലേലവിളി കേൾക്കുന്നയാൾ അപ്പോൾ തന്നെ ലേല തുകയും, നിയമാനുസൃത വിൽപ്പന നികുതിയും ലേല ഉദ്യോഗസ്ഥനെ ഏൽപ്പിച്ച് രസീത് വാങ്ങേണ്ടുന്നതാണ്. ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ടിയാൻ സ്വന്തം ചിലവിൽ ടി മരം നീക്കം ചെയ്യേണ്ടതാണ്. ലേലം അംഗീകരിക്കുന്നതിനും നിരാകരിക്കുന്നതിനും ബഹു. കൊല്ലം ജില്ലാ കളക്ടർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കും. സാധാരണ സർക്കാർ ലേലങ്ങൾക്കുള്ള എല്ലാ നിബന്ധനകളും ടി ലേലത്തിനും ബാധകമായിരിക്കും.

റവന്യൂ ഡിവിഷണൽ ആഫീസ്, (ഒപ്പ്)
പുനലൂർ. റവന്യൂ ഡിവിഷണൽ ഓഫീസർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പത്തനംതിട്ട ജില്ലാകളക്ടറുടെ നടപടിക്രമം
(ഹാജർ : പ്രേം കൃഷ്ണൻ എസ്. ഐ എ എസ്)

നമ്പർ :DCPTA/5426/2024-C11 തീയതി: 20.08.2025

വിഷയം : ഭൂമിയുടെ ന്യായവില പുനർനിർണ്ണയം – പത്തനംതിട്ട ജില്ലയിൽ, അടൂർ താലൂക്കിൽ, പന്തളം വില്ലേ ജിൽ, ബ്ലോക്ക് നമ്പർ 1 ൽ, റീസർവ്വെ 355/1, 355/4 എന്നിവയിൽ പ്പെട്ട ഭൂമിയുടെ ന്യായവില പുനർ നിർണയിച്ച് ഉത്തരവാകുന്നത് – സംബന്ധിച്ച്

സൂചന :1. അടൂർ താലൂക്കിൽ പന്തളം വില്ലേജിൽ പേരങ്ങാട്ട് (മണ്ണിൽ) വീട്ടിൽ ശ്രീ. പി.എസ്സ്. സുരേന്ദ്രൻ പിള്ള സമർപ്പിച്ച അപേക്ഷ

2. അടൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 03.12.24 RDOADR/1218/2024-C5 നമ്പർ റിപ്പോർട്ട്

3. അടൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 12.05.25 RDOADR/1218/2024-C5

പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ, പന്തളം വില്ലേജിൽ, ബ്ലോക്ക് നമ്പർ 1 ൽ, റീസർവ്വേ 355/1, 355/4 എന്നിവ യിൽ പ്പെട്ട ഭൂമിയുടെ ന്യായവില പുനർ നിർ ണയിക്കുന്നതിനായി അടൂർ താലൂക്കിൽ പന്തളം വില്ലേജിൽ പേരങ്ങാട്ട് (മണ്ണിൽ) വീട്ടിൽ ശ്രീ. പി.എസ്സ്. സുരേന്ദ്രൻ പിള്ള സമർപ്പിച്ച അപേക്ഷയിന്മേൽ അടൂർ റവന്യൂ ഡിവിഷണൽ ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

അപേക്ഷയ്ക്കാസ്പദമായ സ്ഥലം പന്തളം മാവേലിക്കര റോഡിൽ ഐരാണിക്കുടി ജംഗ്ഷനിൽ നിന്നും 200 മീറ്റർ കിഴക്കു മാറി ടി റോഡിൽ നിന്ന് 1500 മീറ്റർ തെക്ക് മാറി വഴിക്ക് കിഴക്കും പടിഞ്ഞാറുമായി സ്ഥിതി ചെയ്യുന്ന നിലങ്ങളാണ്. ടി നിലങ്ങൾ റോഡു നിരപ്പിൽ നിന്ന് താഴ്ന്ന നെൽകൃഷിക്ക് അനുയോജ്യമാണ്. ന്യായ വില രജിസ്റ്ററിൽ ടി നിലങ്ങൾക്ക് 8984, 8985 എന്നി ക്രമനമ്പർ പ്രകാരം 2000/- രൂപയും 8986, 8989 എന്നി ക്രമനമ്പർ പ്രകാരം 800/-രൂപയും ന്യായവില നിശ്ചയിച്ചിട്ടുള്ളതാണ്. ന്യായ വില രജിസ്റ്ററിൽ ഇരട്ടിപ്പ് വന്നിട്ടുള്ളതാണ്. ടി വസ്തുവിന് സെന്റിന് 1000/-കമ്പോളവിലയുള്ളതാണെന്നും, അപേക്ഷാ സ്ഥലത്തിന് സമീപത്തുള്ള റീസർവ്വെ 356/7, 8, 9, 11, 355/3 എന്നിവയിൽപ്പെട്ട സ്ഥലങ്ങൾക്കും ന്യായവിലയിൽ ഇരട്ടിപ്പ് വന്നിട്ടുള്ളതാണെന്നും, അപേക്ഷ സ്ഥലമായ നിലങ്ങൾക്ക് 3 കിലോ മീറ്റർ ചുറ്റളവിലുള്ള എല്ലാ സമാന നിലങ്ങളുടെയും ന്യായവില പരിശോധിച്ചതിൽ ന്യായവിലയിൽ ഇരട്ടിപ്പ് ഉള്ളതായും ഇരട്ടിപ്പ് ഇല്ലാത്തവ ലഭ്യമല്ലാത്തതാണെന്നും, ആകയാൽ നിലവിൽ സമാന വസ്തുക്കളായി പരിഗണിച്ചിട്ടുള്ള 356/7, 8, 9, 11, 355/3 എന്നിവയിൽപ്പെട്ട നിലങ്ങൾ തന്നെ പരിഗണിച്ച് അടൂർ താലൂക്കിൽ പന്തളം വില്ലേജിൽ ബ്ലോക്ക് 001 ൽ റീസർവ്വേ 355/1, 355/4 എന്നിവയിൽപ്പെട്ട വസ്തുക്കൾക്ക് Wet Land വിഭാഗത്തിൽ ഉൾപ്പെടുത്തി 2010 കണക്കാക്കി 800/-ന്യായവിലയായി നിശ്ചയിക്കാവുന്നതാണെന്നും അടൂർ റവന്യൂ ഡിവിഷണൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മേൽ സാഹചര്യത്തിൽ കേരളാ മുദ്രപത്ര നിയമം 1959 ന്റെ വകുപ്പ് 28 A പ്രകാരം,ചുവടെ ചേർത്തിട്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

പത്തനംതിട്ട ജില്ലയിൽ, **അടൂർ** താലൂക്കിൽ, **പന്തളം** വില്ലേജിൽ, **ബ്ലോക്ക് 001,** റീസർവ്വെ **355/1, 355/4** എന്നിവ യിൽപ്പെട്ട സ്ഥലം **WET LAND** എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ആർ ഒന്നിന് **800/- (എണ്ണൂറ് രൂപ മാത്രം)** രൂപയായി ന്യായവില പുനർനിർണ്ണയിച്ച് ഉത്തരവാകുന്നു.

സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/റ്റിഡി. തീയതി 14/11/2014 പ്രകാരം 2010 ലെ ന്യായവിലയുടെ 50 % വർദ്ധനവും, 31/03/2018 -ലെ ജി.ഒ.(പി)43/2018/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം 10% വർദ്ധനവും, 30/04/2019 ലെ ജി.ഒ.(പി) 70/2019/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം 10% വർദ്ധനവും, 31/03/2020 -ലെ ജി.ഒ.(പി) 47/2020/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം 10% വർ ദ്ധനവും, 30/03/2022 ലെ ജി.ഒ.(പി) 29/2022/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം 10% വർദ്ധനവും,25/03/2023 ലെ ജി.ഒ.(പി) 45/2023/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം 20% വർദ്ധനവും കൂടി പുനർനിർണ്ണയിച്ച ന്യായവില യോടു കൂടി കണക്കാക്കുന്നതാണ്. പ്രസ്തുത 20% നടപ്പാക്കുന്നതിലൂടെ ഫലത്തിൽ ഭൂമിയുടെ ന്യായവില 2010 ൽ നിശ്ചയിച്ചതിന്റെ 264 ശതമാനമായി മാറുന്നതാണ്.

(ഒപ്പ്)

ജില്ലാകളക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM C
NOTIFICATION

DCPTA/5426/2024-C-11 DATE:22.08.2025

Whereas it is expedient to publish a notification showing revised fair revised fair value of land as required under Section 28 A of the Kerala Stamp Act 1959 read with sub rule 4 of the Kerala Stamp (Fixation of Fair Value of land) Rules 1995, the fair value of land in ReSurvey No 355/1, 355/4 Block No 1, Pandalam Village, Adoor Taluk of the Pathanamthitta District is hereby fixed finally as shown in scheduled hereto:

SCHEDULE

Name of District	Name of Taluk	Name of Village	Survey No.	Resurvey Block.	Resurvey No	Sub Division No.	Panchayat/ Muncipality	ward No.	Classification of use	Fair value already fixed	Revised fair Value Per Are
Pathanamthitta	Adoor	Pandalam		1	355	1	Municipality		Wet Land	800/-& 2000/- (doubling in fair value Register)	800/-
Pathanamthitta	Adoor	Pandalam		1	355	4	Municipality		Wet Land	800/-& 2000/- (doubling in fair value Register)	800/-

Sd/-

DISTRICT COLLECTOR

Pathanamthitta

NB: The resultant fair value of land will be 264% of that fixed in the year 2010

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പത്തനംതിട്ട ജില്ലാകളക്ടറുടെ നടപടിക്രമം

(ഹാജർ : പ്രേം കൃഷ്ണൻ എസ്. ഐ എ എസ്)

DCPTA/2579/2025-C11 **തീയതി:22.08.2025**

വിഷയം-ഭൂമിയുടെ ന്യായവില പുനർ നിർ ണ്ണയം - പത്തനംതിട്ട ജില്ലയിൽ, കോഴഞ്ചേരി താലൂക്കിൽ, കുളനട വില്ലേജിൽ, ബ്ലോക്ക് നമ്പർ 6 ൽ റീസർവ്വെ 53/8-1 ൽ പ്പെട്ട ഭൂമിയുടെ ന്യായവില പുനർനിർണയിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

സൂചന- 1. കോഴഞ്ചേരി താലൂക്കിൽ കുളനട വില്ലേജിൽ മാന്തുക മുറിയിൽ സ്വാതിയിൽ വീട്ടിൽ ശ്രീ. സന്തോഷ് കുമാർ സമർപ്പിച്ച അപേക്ഷ

2.അടൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 12.05.2025 ലെ RDOADR/350/2025-C5 നമ്പർ റിപ്പോർട്ട്

പത്തനംതിട്ട ജില്ലയിൽ, കോഴഞ്ചേരി താലൂക്കിൽ, കുളനട വില്ലേജിൽ, ബ്ലോക്ക് നമ്പർ 6 ൽ, റീസർവ്വെ 53/8-1 ൽ പ്പെട്ട ഭൂമിയുടെ ന്യായവില പുനർനിർണയിക്കുന്നതിനായി കോഴഞ്ചേരി താലൂക്കിൽ കുളനട വില്ലേജിൽ മാന്തുക മുറിയിൽ സ്വാതിയിൽ വീട്ടിൽ ശ്രീ. സന്തോഷ് കുമാർ സമർപ്പിച്ച അപേക്ഷയിന്മേൽ അന്വേഷണം നടത്തി അടൂർ റവന്യൂ ഡിവിഷണൽ ഓഫീസർ റിപ്പോർട്ട് സമർപ്പി ച്ചിട്ടുള്ളതാണ്.

അപേക്ഷ സ്ഥലം കുളനട വില്ലേജിൽ മാന്തുക മുറിയിൽ സ്വാതിയിൽ ഗോപാലൻ നായർ മകൻ ശ്രീ. സന്തോഷ് കുമാർ ജി, ടിയാൻ ഭാര്യ ശ്രീമതി. രൂപാ സന്തോഷ് എന്നിവരുടെ പേരിലും കരം തീരുവയിലുമുള്ളതാണ്. ടി സ്ഥലം പന്തളം - ചെങ്ങന്നൂർ റോഡിൽ മാന്തുക ഗ്ലോബ് ജംഗ്ഷനിൽ നിന്നും ഉള്ളൂർ പോകുന്ന പഞ്ചായത്ത് റോഡിൽ ശിവ - പാർവതി ക്ഷേത്രത്തിന് സമീപമുള്ള അംഗൻവാടിക്ക് സമീപം സ്ഥിതി ചെയ്യുന്നു. അപേക്ഷ സ്ഥലത്തിന് 2010 ലെ ന്യായ വിലയായി ആർ ഒന്നിന് 4,00,000/- രൂപ നിശ്ചയിച്ചിട്ടുള്ളതാണ്. ടി സ്ഥലത്തിന് സമീപത്തുള്ള റീസർവ്വെ നമ്പർ 201/9, 2, 3, 199/13, 2 എന്നീ റീസർവ്വെ നമ്പരുകളിൽ പെട്ടവസ്തു ക്കൾക്ക് 2010 ൽ ആർ ഒന്നിന് 40,000/- രൂപ ന്യായവില നിർണ്ണ യിച്ചിട്ടുള്ളതാണെന്നും അപേക്ഷാ സ്ഥലത്തിന് ആർ ഒന്നിന് 2,00,000/- രൂപ കമ്പോളവിലയുള്ളതാണെന്നും കുളനട വില്ലേജിൽ, ബ്ലോക്ക് കോഴഞ്ചേരി താലൂക്കിൽ, നമ്പർ 6 ൽ, റീസർവ്വെ 53/8-1 ൽപ്പെട്ട ഭൂമിക്ക് 2010 ലെ ന്യായവിലയായി ആർ ഒന്നിന് 40,000/- രൂപ നിശ്ചയിച്ച് Residential Plot with Panchayat Road Access എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണെന്നും അടൂർ റവന്യൂ ഡിവിഷണൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ കേരളാ മുദ്രപത്ര നിയമം 1959 ന്റെ വകുപ്പ് 28 A പ്രകാരം, ചുവടെ ചേർത്തിട്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

പത്തനംതിട്ട ജില്ലയിൽ **കോഴഞ്ചേരി** താലൂക്കിൽ, **കുളനട** വില്ലേജിൽ, **ബ്ലോക്ക് 6,** റീസർവ്വെ **53/8–1** ൽപ്പെട്ട സ്ഥലം **Residential plot with Panchayat Road Access** എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ആർ ഒന്നിന് **40000/– (നാൽപ്പതിനായിരം രൂപ മാത്രം)** രൂപയായി ന്യായവില പുനർനിർണ്ണയിച്ച് ഉത്തരവാകുന്നു.

സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/റ്റിഡി. തീയതി 14/11/2014 പ്രകാരം 2010 ലെ ന്യായവിലയുടെ 50 % വർദ്ധനവും, 31/03/2018 –ലെ ജി.ഒ.(പി)43/2018/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം 10% വർദ്ധനവും, 30/04/2019 ലെ ജി.ഒ.(പി) 70/2019/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം 10% വർദ്ധനവും, 31/03/2020 –ലെ ജി.ഒ.(പി) 47/2020/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം 10% വർ ദ്ധനവും, 30/03/2022 ലെ ജി.ഒ.(പി) 29/2022/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം 10% വർദ്ധനവും,25/03/2023 ലെ ജി.ഒ.(പി) 45/2023/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം 20% വർദ്ധനവും കൂടി പുനർനിർണ്ണയിച്ച ന്യായവില യോടു കൂടി കണക്കാക്കുന്നതാണ്. പ്രസ്തുത 20% നടപ്പാക്കുന്നതിലൂടെ ഫലത്തിൽ ഭൂമിയുടെ ന്യായവില 2010 ൽ നിശ്ചയിച്ചതിന്റെ 264 ശതമാനമായി മാറുന്നതാണ്.

(ഒപ്പ്)
ജില്ലാകളക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM C
NOTIFICATION

DCPTA/2579/2025-C-11		DATE:22.08.2025	

Whereas it is expedient to publish a notification showing revised fair value of land as required under Section 28 A of the Kerala Stamp Act 1959 read with sub rule 4 of the Kerala Stamp (Fixation of Fair Value of land) Rules 1995, the fair value of land in ReSurvey No 53/8-1 Block No 6, Kulanada Village, KozhencheryTaluk of the Pathanamthitta District is hereby fixed finally as shown in scheduled hereto:

SCHEDULE

Name of District	Name of Taluk	Name of Village	Survey No.	Resurvey Block.	Resurve y No	Sub Division No.	Panchayat/ Muncipality	ward No.	Classification of use	Fair value already fixed	Revised fair Value Per Are
Pathanamthitta	Kozhenchery	Kulanada		6	53	8-1	Panchayat		Residential plot with Panchayat Road Access	400000/-	40000/-

Sd/-

DISTRICT COLLECTOR

Pathanamthitta

NB: The resultant fair value of land will be 264% of that fixed in the year 2010

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

NOTIFICATION

N1-2677/2024/RDOCHN/K.Dis 24.07.2024

Whereas it is expedient to publish the fair value of the land as required under section 28A of the Kerala Stamp Act, 1950 read with Rule 4 of the Kerala Stamp (Fixation of value of land) Rules – 1995 and subject to the final verification of the authenticity of the copy of the patta produced by the present landlord.

Now, therefore it is hereby made known to the public that the fair value fixed for the land mentioned against each serial numbers in respect of the land situated in the Survey/re-survey numbers of the Village and Taluk mentioned against each shall be as shown against column (1) thereof.

District:- Ernakulam. Taluk:-Kanayannoor

Village: Poonithura

S. No.	Sy. No.	Sub Div. No.	Re-Sy. Block No.	Re-Sy. No.	Re-Sy Sub Dvn No.	M/C/P	Name . of Local Body	Name & No. of ward	Classification by use	Fair value per Are
1A	925	1				C	Kochi Corporation	52 Janatha	Residential Plot with Corp/Munci/ Panch Road Access	8,33,333/-

Sd/-
Revenue Divisional officer

Revenue Divisional office, Fortkochi

Copy:- 1) The Superintendent, Govt. Press, Thiruvananthapuram
-To publish in the official Gazette.
2) The District Registrar, Ernakulam
3) The Sub Registrar, Tripunithura
4) The Village Officer, Poonithura
5) Shri. Skaria Abraham, S/o. Abraham Skaria, Mannamplakkal, Chirakadavu Village, Kottayam

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

NOTIFICATION

RDOCHN/N1/283/2025 /K.Dis 30.07.2025

Whereas it is expedient to publish the fair value of the land as required under section 28A of the Kerala Stamp Act, 1950 read with Rule 4 of the Kerala Stamp (Fixation of value of land) Rules – 1995 and subject to the final verification of the authenticity of the copy of the document produced by the present landlord.

The Fair Value of the land came into force in the State in 2010. Thereafter, the same has been revised 5 times. The fair value of the land will effectively become 264% of the value that fixed in the year 2010. Now, therefore it is hereby made known to the public that the fair value fixed for the land mentioned against each serial numbers in respect of the land situated in the Survey/re-survey numbers of the Village and Taluk mentioned against each shall be as shown against column (1) thereof.

District:- Ernakulam. Taluk:-Aluva

Village: Chengamanad Village

S. No.	Sy. No.	Sub Div. No.	Re-Sy. Block No.	Re-Sy. No.	Re-Sy Sub Dvn No.	M/C/P	Name . of Local Body	Name & No. of ward	Classification by use	Fair value per Are
8212 A			8	53	12-3	P	Chengamanad	ward -8	Residential Plot with Corp/Munci/ Panch Road Access	1,00,000

Sd/-
Revenue Divisional officer

Revenue Divisional office, Fortkochi

Copy:- 1) The Superintendent, Govt. Press, Thiruvananthapuram
-To publish in the official Gazette.
2) The District Registrar, Ernakulam
3) The Sub Registrar, Chengamanad
4) The Village Officer, Chengamanad
5) Shri. Rahul T, Aypparath parambil house, Parambayam, Kaprasserry, Aluva. Mob: 9526151976

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നമ്പർ RDOIJK/358/2025-C3

നോട്ടീസ്

കൊടുങ്ങല്ലൂർ താലൂക്കിൽ കൈപ്പമംഗലം വില്ലേജ് സർവ്വെ 492/3 ൽ ഉൾപ്പെട്ട **3.24** ആർസ് നി. കെ. ഭ്രമി പട്ടയ ഭ്രമിയാക്കി മാറ്റി രജിസ്റ്റർ ചെയ്യുന്നതിന് അനുമതിക്കായി കൊടുങ്ങല്ലൂർ താലൂക്കിലെ പടിഞ്ഞാറെ വീട്ടിൽ അബൂബക്കർ മകൻ അയൂബ് എന്നവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഭ്രമിയിൽ നിന്നും റോഡിനു പോയത് കഴിച്ചു ശ്രീ. അയൂബിന്റെ കൈവശമുള്ള കൈപ്പമംഗലം വില്ലേജ് സർവ്വെ 492/3 ൽ **1.82** ആർസ് ഭ്രമി ശ്രീ. അയൂബ് പേരിൽ മലബാർ ലാന്റ് രജിസ്ട്രേഷൻ ആക്ട് 1895 പ്രകാരം രജിസ്റ്റർ ചെയ്യ കൊടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പരസ്യപ്പെടുത്തിയ തീയതി മുതൽ 60 ദിവസത്തിനകം മതിയായ തെളിവുകൾ സഹിതം ഇരിങ്ങാലക്കുട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ രേഖാമൂലം എഴുതി ബോധിപ്പിക്കേണ്ടതാണ്.

(ഒപ്പ്)

റവന്യൂ ഡിവിഷണൽ ഓഫീസ്
ഇരിങ്ങാലക്കുട, തീയതി - 07.08.2025

റവന്യൂ ഡിവിഷണൽ ഓഫീസർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM - C
(See rule 5 (8))

NOTIFICATION

No. DCPKD/12722/2022-D4 Dated - 27-07-2023

Whereas it is expedient to publish a notification showing revised value of land as required under section 28 A of the Kerala Stamp Act , 1959 , read with Sub – rule (8) , of rule 5 of the Kerala Stamp (Fixation of Fair Value of Land) Rules , 1955 , the fair value of 0.5429 Hectors of land in Pattambi Municipality, Kizhayur Desom, Survey No.6/1 in Pattambi Village, Pattambi Taluk of the Palakkad District is hereby fixed finally as shown in the Schedule hereto :

SCHEDULE

Name of District	Name of Taluk	Name of Village And Survey Number with Sub division no.	Corporation/ Municipality / Panchayat	Ward	Classification by use	Fair Value of the Land already fixed (per Are)	Revised Fair Value of land (per Are)
Palakkad	Pattambi	Pattambi Village Desom 3 (Kizhayur) Survey No.6/1	Pattambi Municipality		Residential Plot with Panch/Munici/Corp. Road Access	Rs. 250000	Rs. 42120

//Sd//
District Collector , Palakkad

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

PALAKKAD DISTRICT

FORM 'C'

[*See* Rule 5(8)]

NOTIFICATION

No. DCPKD/12289/2024-D4. *15th August 2025.*

Whereas, it is expedient to publish a notification showing revised value of land as required under Section 28 A of the Kerala Stamp Act, 1959, read with Sub-rule (8), of rule 5 of the Kerala Stamp (Fixation of Fair Value of Land) Rules, 1955, the fair value of land in Nellaya Gramapanchayath, Marayamangalam Desom, Survey No. 53/2-11 in Nellaya Village, Ottapalam Taluk of the Palakkad District is hereby fixed finally as shown in the Schedule hereto:

SCHEDULE

Name of District	*Name of Taluk*	*Name of Village and Survey Number with Sub division No.*	*Corporation/ Municipality/ Panchayath*	*Ward*	*Classification by use*	*Fair Value of the Land already fixed (per Are)* ₹	*Revised Fair Value of Land (per Are)* ₹
Palakkad	Ottapalam	Nellaya Village, Survey No. 53/2-11 (*0.7689 Hector)	Nellaya Grama-panchayath	1	Rocky Land	25,000	8,500

* Applicable only to the 0.7689 hectors of land acquired by Mr. Kader, S. O. Kunjimoideen, Kalliakkattil, Marayamangalam as per the Document No. 1852/1970 of SRO, Cherpulassery.

Collectorate, (Sd.)
Palakkad. *District Collector.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

നമ്പർ DCPKD/6101/2025-LRG2. 2025 ആഗസ്റ്റ് 21.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 279-ാം വകുപ്പ് 2-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്നത് പ്രകാരം 16-10-2024, 6-12-2024 എന്നീ തീയതികളിലെ യഥാക്രമം സ. ഉ. (അച്ചടി) നമ്പർ 54/2024/LSGD, സ. ഉ. (അച്ചടി) നമ്പർ 67/2024/LSGD ഉത്തരവുകളിലെ സർക്കാർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനെന്ന നിലയ്ക്ക് താഴെ പറയുന്ന പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ 'അകത്തേത്തറ ഗ്രാമപഞ്ചായത്ത്' എന്ന് രേഖപ്പെടുത്തിയതുമായ ഭൂമിയെ പ്രസ്തുത ആക്ടിന്റെ പരിധിയിൽ നിന്നും ഇതിനാൽ ഒഴിവാക്കുന്നു.

ജില്ല—പാലക്കാട്

താലൂക്ക്—പാലക്കാട്

വില്ലേജ്—അകത്തേത്തറ

ഗ്രാമപഞ്ചായത്ത്—അകത്തേത്തറ

ഗുണഭോക്താക്കളുടെ എണ്ണം—1

ബ്ലോക്ക്—24

റീസർവ്വെ നമ്പർ—371/2

വിസ്തീർണ്ണം (ഹെക്ടർ)—0.0116

ആകെ (ഹെക്ടർ)—0.0116

കളക്ടറേറ്റ്, (ഒപ്പ്)
പാലക്കാട്. ജില്ലാ കളക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM 'A'
(See rule 4)
NOTIFICATION

RDOVDK/1997/2024-C1 Date : 15/01/2024

WHEREAS it is expedient to publish the fair value of land as required under section 28 A of the Kerala Stamp Act, 1959 read with rule 4 of the Kerala Stamp (Fixation of Fair Value of Land) Rules, 1995.

Now, THEREFORE, it is hereby made known to the public that the fair value fixed for the land mentioned against each serial number, in respect of the land situated in the survey / re survey numbers of the Village and Taluk mentioned against each, shall be as shown against it in column (11) thereof.

SCHEDULE

District : Kozhikode Village : Payyoli
Taluk : Koyilandy Desom : Melady

Serial Number	Survey Number	Sub Division Number	Re-Survey Block	Re – Survey Number	Re– Survey Sub Division Number	Panchayath or Municipality or Corporation	Name of Local Body Panchayath / Municipality / Corporation	Name and Number of Ward	Classification by use	*Fair Value per Are
1	2	3	4	5	6	7	8	9	1	
	41	2A		84	3,6,7,8	Muncipality	Payyoli Muncipality	-	Residential plot with corporation/ muncipality road access	1,40,000/-

** The above mentioned fairvalue does not includes any enhanced value notified by the government.*

(Sd/-)
Revenue Divisional Officer,
Revenue Divisional Office, Vatakara

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

DCWYD/3474/25/B3 25/08/2025

<u>ലേല പരസ്യം</u>

വയനാട് ജില്ലയിൽ വൈത്തിരി താലൂക്ക് കൽപ്പറ്റ വില്ലേജ് ബ്ലോക്ക് 19 റീസർവ്വെ നമ്പർ 88/1 pt ൽ പ്പെട്ടതും വയനാട് ടൗൺഷിപ്പ് പണിയുന്നതിനുവേണ്ടി ഏറ്റെടുത്ത ഭൂമിൽ നിർമ്മാണ പ്രവർത്തനത്തിന് തടസ്സമായി നിൽക്കുന്ന സോൺ 1 ലെ 6 മരങ്ങളും സോൺ 2 ലെ 6 മരങ്ങളും സോൺ 4 ലെ 66 മരങ്ങളും സോൺ 5 ലെ 65 മരങ്ങളും പവർ സ്റ്റേഷനിലെ 20 മരങ്ങളും 03/09/2025 ന് രാവിലെ 11 മണിക്ക് കൽപ്പറ്റ വില്ലേജ് ഓഫീസ് പരിസരത്തുവെച്ച് ഡെപ്യൂട്ടി കളക്ടർ (എൽ.എ) പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് 10,000/- രൂപ നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ലേല തുകയുടെ 1/3 ഭാഗം അപ്പോൾത്തന്നെ അടയ്ക്കേണ്ടതുമാണ്. ബാക്കി ലേലത്തുക, ആകെ ലേലത്തുകയുടെ 5% വന വികസന നികുതിയും, ആകെ ലേലത്തുക വനവികസന നികുതി എന്നിവ കൂട്ടിയുള്ള തുകയുടെ 18% ചരക്ക് സേവന നികുതിയും ആകെ ലേലത്തുക വനവികസന നികുതി ചരക്ക് സേവന നികുതി ഇവയെല്ലാം കൂട്ടിയ തുകയുടെ 2% വരുമാന നികുതിയും ഉൾപ്പെടെയുള്ള തുക ലേലം സ്ഥിരീകരിച്ച് 7 ദിവസത്തിനകം കൽപ്പറ്റ വില്ലേജ് ഓഫീസിലോ, വൈത്തിരി താലൂക്ക് ഓഫീസിലോ ട്രഷറിയിലോ ഒടുക്കി ടി തടി സ്വന്തം ചിലവിൽ ആർക്കും നാശനഷ്ടമുണ്ടാകാത്ത രീതിയിൽ മരം ലേലത്തിൽ എടുത്തയാൾ സ്ഥലത്തുനിന്നും നീക്കം ചെയ്യേണ്ടതാണ്. ലേലം ജില്ലാ കളക്ടറുടെ അംഗീകാരത്തിന് വിധേയമായിരിക്കും.

<u>തടി വിവരങ്ങൾ</u>

ക്രമ നമ്പർ	ഇനം	തടി M^3	വിറക് MT
1	സോൺ 1 (6 മരങ്ങൾ)	21963	4849
2	സോൺ 2 (6 മരങ്ങൾ)	9085	2115
3	സോൺ 4 (66 മരങ്ങൾ)	110598	30516
4	സോൺ 5 (65 മരങ്ങൾ)	184115	50497
5	പവർ സ്റ്റേഷൻ (20 മരങ്ങൾ)	15182	5320
ആകെ ഉദ്ദേശ വില 4,35,000 (നാല് ലക്ഷത്തി മുപ്പത്തി അയ്യായിരം രൂപ)			

(ഒപ്പ്/-)
ഡെപ്യൂട്ടി കലക്ടർ (എൽ എ)
ജില്ലാകലക്ടർക്കുവേണ്ടി

ജില്ലാ കലക്ടറുടെ കാര്യാലയം
വയനാട്,കൽപ്പറ്റ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം: ടി. സി. ബിജു, എൽഎൽ.ബി., എം.ബി.എ.)

നമ്പർ ജെ5-3623/2022/എം.ഡി.ബി. 2025 ജൂലൈ 10.

വിഷയം:—മലബാർ ദേവസ്വം ബോർഡ്—ശ്രീ പുൽപ്പള്ളി മുരിക്കൻമാർ ദേവസ്വം—പുൽപ്പള്ളി വില്ലേജിൽ റീ.സർവ്വെ 602/03–ൽ 73 സെന്റ് സ്ഥലം പാട്ടത്തിന് നൽകൽ—ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിലെ 29-ാം വകുപ്പനുസരിച്ചുള്ള നടപടി—ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന :—(1) ദേവസ്വം ട്രസ്റ്റിയുടെ അപേക്ഷ തീയതി 20-4-2022.

(2) ബഹു.കേരള ഹൈക്കോടതിയുടെ WP(C) No.10392/2023 -ൽ പുറപ്പെടുവിക്കപ്പെട്ട വിധി തീയതി 11-7-2023.

(3) ദേവസ്വം ട്രസ്റ്റിയുടെ അപേക്ഷ തീയതി 14-8-2023.

(4) കമ്മീഷണറുടെ ജെ 5-3623/2022/എം.ഡി.ബി. തീയതി 7-3-2024-ലെ ഉത്തരവ്.

(5) ബഹു.കേരള ഹൈക്കോടതിയുടെ WP(C) No. 12962/2024, തീയതി 30-10-2024-ലെ വിധി.

1951-ലെ ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിലെ 23-ാം വകുപ്പ് അനുസരിച്ചുള്ള അപേക്ഷ അനുസരിച്ചുള്ള മേൽ നടപടിയിൽ ശ്രീ പുൽപ്പള്ളി മുരിക്കൻമാർ ദേവസ്വത്തെ പ്രതിനിധീകരിച്ച ട്രസ്റ്റി ശ്രീ രാജശേഖരൻ നായർക്കുവേണ്ടി ഹാജരായ അഡ്വക്കേറ്റ് പി. മഞ്ജിത്ത്, പരാതിക്കാർക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റ് കെ. ജെ. വിജയകുമാരൻ എന്നിവരുടെ സാന്നിധ്യത്തിൽ 30-6-2025-ന് അന്തിമമായി പരിഗണനയ്ക്ക് വരികയും ഇരുഭാഗത്തിന്റെയും വാദം കേൾക്കുകയും ഇതുവരെ പരിഗണനയിൽ ഇരിക്കുകയും ചെയ്തവെ ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി WP(C) No. 12962/2024-ൽ പുറപ്പെടുവിച്ച 30-10-2024-ലെ വിധിപ്രകാരം എക്സിബിറ്റ് പി-7 ഉത്തരവ് നീക്കിയിരുന്നതും പ്രസ്തുത വിധിയിൽ നിരീക്ഷിക്കപ്പെട്ടതും WP(C) No. 10392/2024 തീയതി 11-7-2023-ലെ വിധിയിൽ നിരീക്ഷിക്കപ്പെട്ട കാരണങ്ങളും കൂടി പരിശോധിച്ചു ദേവസ്വം കമ്മീഷണർ പുതിയ തീരുമാനമെടുക്കാനും അപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ ഇരുഭാഗവും നിയമപരവും വസ്തുതാപരവും ആയി ഉയർത്തുന്ന തർക്കങ്ങൾ പരിഗണിക്കണമെന്നും നിർദ്ദേശിച്ച പ്രകാരമാണ് മേൽ നടപടി വീണ്ടും പരിഗണനയ്ക്ക് വന്നിട്ടുള്ളത്.

വയനാട് ജില്ലയിൽ സുൽത്താൻബത്തേരി താലൂക്കിൽ പുൽപ്പള്ളി വില്ലേജിൽ സ്ഥിതിചെയ്യുന്ന ശ്രീ. പുൽപ്പള്ളി മുരിക്കൻമാർ ദേവസ്വം ട്രസ്റ്റി 20-4-2022-ൽ സമർപ്പിച്ച അപേക്ഷ പ്രകാരം ദേവസ്വം കൈവശാവകാശത്തിൽ പുൽപ്പള്ളി വില്ലേജിൽ റി. സർവ്വേ 602/03-ൽ നിലവിലുള്ള ഭൂസ്വത്തിൽ നിന്ന് 73 സെൻറ് സ്ഥലം പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് വക നിലവിലുള്ള ബസ് സ്റ്റാൻഡിന്റെ വിപുലീകരണത്തിന് 33 വർഷത്തേക്ക് നിബന്ധനകൾക്ക് വിധേയമായി പാട്ടത്തിന് നൽകുന്നതിന് അനുമതി ആവശ്യപ്പെടുകയും അപേക്ഷയിൽ 29- ാം വകുപ്പ് അനുസരിച്ചുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ച് മലബാർ ദേവസ്വം ബോർഡ് എടുത്ത തീരുമാനപ്രകാരം 28-12-2022 ൽ ദേവസ്വം കമ്മീഷണർ പുറപ്പെടുവിച്ച ഉത്തരവ് ബഹു. കേരള ഹൈക്കോടതിയുടെ WP(C) No. 10392/2023-ൽ തീയതി 11-7-2023-ൽ പുറപ്പെടുവിക്കപ്പെട്ട വിധിയിൽ നീക്കം ചെയ്യപ്പെട്ടിരിക്കുന്നതും പ്രസ്തുത വിധിയിൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം പ്രസ്തുത റിട്ട് ഹർജിയിലെ 8, 9 എതിർകക്ഷികൾ ആയ ദേവസ്വവും ദേവസ്വത്തെ പ്രതിനിധീകരിക്കുന്ന ട്രസ്റ്റിയും 14-8-2023-ൽ പുതിയ പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിരുന്നു. പുതിയ അപേക്ഷ സഹിതം പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 11-8-2023-ൽ ട്രസ്റ്റിയ്ക്ക് സമർപ്പിച്ച അപേക്ഷ, കമ്മീഷണർ 28-12-2022-ൽ പുറപ്പെടുവിച്ച ഉത്തരവ്, ആയതിന്റെ അടിസ്ഥാനത്തിൽ 14-2-2023-ൽ ഗ്രാമപഞ്ചായത്തുമായി വെച്ചിട്ടുള്ള ധാരണാപത്രം, സർവ്വേ പ്ലാൻ എന്നിവ അടക്കം ചെയ്തിരുന്നതും അപേക്ഷയുടെ അടിസ്ഥാനത്തിൽ മേൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നമ്പരിൽ 20-9-2023-ലെ വിജ്ഞാപന പ്രകാരം ആക്ഷേപാഭിപ്രായങ്ങൾ ക്ഷണിച്ച് കൊണ്ട് നോട്ടീസ്, സർവ്വേ പ്ലാൻ എന്നിവ സഹിതം ചട്ടങ്ങൾ പാലിച്ച് നിർദ്ദിഷ്ട സ്ഥാനങ്ങളിൽ 30-9-2023-ൽ നിയമാനുസൃതം പ്രസിദ്ധീകരിച്ചിരുന്നതുമാണ്.

28-9-2023-ൽ പ്രസിദ്ധീകരിച്ച മലയാള മനോരമ, കേരളകൗമുദി പത്രങ്ങളിൽ പ്രസ്തുത വിവരങ്ങൾ സംക്ഷിപ്തമായി പരസ്യപ്പെടുത്തിയിരുന്നതും ആക്ഷേപാഭിപ്രായങ്ങൾ പരിഗണിക്കുന്ന തീയതി ഉൾപ്പെടുത്തിയിരുന്നതുമാണ്. എല്ലാ നടപടികളും ചട്ടങ്ങൾ പ്രകാരം സ്വീകരിച്ച് ജെ5-3623/2022/എം.ഡി.ബി. തീയതി 7-3-2024 പ്രകാരം കമ്മീഷണറുടെ അധിക ചുമതലയുള്ള ഡെപ്യൂട്ടി കമ്മീഷണർ (ഭരണം) ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവിനെ എതിർത്തുകൊണ്ട് WP(C) No. 12962/2024 ഫയൽ ചെയ്യപ്പെടുകയും ഉത്തരവ് പുറപ്പെടുവിച്ചത് കമ്മീഷണറുടെ അധിക ചുമതലയുള്ള ഡെപ്യൂട്ടി കമ്മീഷണർ ആകയാൽ എക്സിബിറ്റ് പി 7 ഉത്തരവ് നീക്കുകയും WP(C) No.10392/2023, 11-7-2023-ൽ പുറപ്പെടുവിക്കപ്പെട്ട വിധി കൂടി പാലിച്ച് ദേവസ്വം കമ്മീഷണർ പുതിയ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് 30-10-2024-ൽ ബഹു. കോടതി നിർദ്ദേശിക്കുകയുമാണുണ്ടായിട്ടുള്ളത്. WP(C) No.10392/2023 ഫയൽ ചെയ്ത ഹർജിക്കാർ കൂടാതെ 20-9-2013-ൽ ആക്ഷേപാഭിപ്രായം ക്ഷണിച്ചത് അനുസരിച്ച് പരാതികൾ സമർപ്പിച്ചിരുന്ന 24 പേർ ഉന്നയിച്ച പരാതികളും 34 പേർ ഒപ്പുവെച്ച മറ്റൊരു പരാതിയും ലഭിച്ചിരുന്നതും ആയത് ഈ നടപടിയിൽ പരിഗണിച്ചിട്ടുള്ളതുമാണ്.

എതിർകക്ഷികൾ അഡീഷണൽ കൗണ്ടറും ദേവസ്വം ഭാഗം അഭിഭാഷകൻ ആയതിന് മറുപടിയും ഫയൽ ചെയ്തു. WP(C) No. 12962/2024, ഹർജിക്കാരുടെ ഭാഗത്തിന് വേണ്ടി അവരുടെ അഭിഭാഷകൻ സുൽത്താൻബത്തേരി മുൻസിഫ് കോടതിയിൽ ഫയൽ ചെയ്യപ്പെട്ട O. S. 57/2023 അന്യായ പകർപ്പ്, പ്രസ്തുത അന്യായത്തിൽ തുടർ നടപടിയിൽ വന്നിട്ടുള്ള 9-3-2023-ലെ I.A.3/2023 ഹർജിപകർപ്പ്, 21-3-2023-ൽ അഡ്വക്കേറ്റ് കമ്മീഷണർ ബോധിപ്പിച്ച റിപ്പോർട്ട്, 12-9-2024-ൽ 1, 2 പ്രതികൾ 12-9-2024 -ൽ ബോധിപ്പിച്ച കാര്യവിവര പത്രികയുടെ പകർപ്പ്, I.A.3/2023 2, 4 എതിർകക്ഷികൾ ബോധിപ്പിച്ച കൗണ്ടർ സ്റ്റേറ്റ്മെൻറ്, സുൽത്താൻബത്തേരി മുൻസിഫ് കോടതിയിൽ നിലവിലുള്ള O. S.33/2023 അന്യായപകർപ്പുകൾ, പ്രസ്തുത അന്യായത്തിൽ 13-9-2024-ൽ 1, 2 പ്രതികൾ ബോധിപ്പിച്ച കാര്യവിവരപത്രിക പകർപ്പ്, 3, 4, 5 പ്രതികൾ ബോധിപ്പിച്ച കാര്യവിവര പത്രികയുടെ പകർപ്പ്, സുൽത്താൻബത്തേരി സബ് കോടതിയിൽ O. S. 17/2018-ൽ 3, 4, 5 പ്രതികൾ ബോധിപ്പിച്ച കാര്യവിവര പത്രികയുടെ കോപ്പി, O. S. 17/2018-ൽ I.A.1/2023-ൽ 8-1-2023-ൽ പുറപ്പെടുവിക്കപ്പെട്ട വിധി പകർപ്പ് എന്നീ 10 രേഖകൾ ഹാജരാക്കി. രേഖകൾ ഫോട്ടോ കോപ്പി ആകയാൽ മാർക്ക് ചെയ്യാവുന്നതല്ല.

WP(C) No. 12962/2024-ലെ ഹർജിക്കാർ പ്രാഥമികമായി ഫയൽ ചെയ്ത I.A.17-2025-ൽ ആവശ്യപ്പെട്ടിരുന്ന നിവൃത്തി തർക്ക വിഷയം സിവിൽ കോടതി മുമ്പാകെ നിലവിലുള്ളതാകയാൽ മറ്റൊരു ഫോറത്തിൽ ഇതേ വിഷയം പരിഗണിക്കുന്നത് നിയമവിരുദ്ധവും നിലനിൽക്കാത്തതുമാണെന്നും നടപടികൾ സ്റ്റേ ചെയ്യണമെന്നും I.A.14/2025-ൽ ഒരു കമ്മീഷനെ നിയമിക്കണമെന്നും ആയിരുന്നു. ഈ നടപടി ബഹു.കേരള ഹൈക്കോടതിയുടെ WP(C) No.12962/2024-ൽ 30-10-2024-ൽ പുറപ്പെടുവിക്കപ്പെട്ട വിധിപ്രകാരം നിലനിൽക്കുന്ന നടപടി ആകയാലും കോടതി നിശ്ചയിച്ച സമയ പരിധിക്കകം നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട് എന്നതിനാൽ പ്രസ്തുത ഇടക്കാല ഹർജികൾ രണ്ടും തള്ളിയിരുന്നതും ആയത് തർക്കത്തിൽ എടുക്കാതെ മേൽ ഇടക്കാല ഹർജികളിലെ ഉത്തരവ് അന്തിമമായിരിക്കയാൽ നടപടികൾ തുടർന്നിട്ടുള്ളതുമാണ്.

പുൽപ്പള്ളി വില്ലേജിൽ ദേവസ്വം കൈവശാവകാശത്തിൽ റബ്ബർ മരങ്ങൾ നട്ടുപിടിപ്പിച്ചിരുന്നതും റബ്ബർ മരങ്ങളുടെ കാലപരിധി കഴിയാറായതിനാൽ വീണ്ടും പുതിയ മരങ്ങൾ നട്ടുപിടിപ്പിക്കേണ്ട സാഹചര്യത്തിൽ നിലവിലുള്ള പ്രസ്തുത സ്ഥലത്ത് നിന്നും ക്ഷേത്രത്തിന്റെ അവശ്യം ആവശ്യമല്ലാത്ത ഭൂസ്വത്തിന്റെ ഒരു ഭാഗം ഉപയോഗിച്ച് പുതിയ വരുമാന സ്രോതസ്സ് കണ്ടെത്തുന്നതിനാണ് 73 സെൻറ് പുൽപ്പള്ളി ഗ്രാമപഞ്ചായത്തിന് പാട്ടത്തിന് നൽകുന്നതെന്നും കോവിഡ് കാലത്ത് ക്ഷേത്ര വരുമാനം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിലച്ചപ്പോൾ ക്ഷേത്രം വകയായി നിലവിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ നിന്ന് ലഭിക്കുന്ന വരുമാനമാണ് ക്ഷേത്രം നടത്തിപ്പിന് താങ്ങായിരുന്നത് എന്നും ആയതിനാൽ ബസ്സ്റ്റാന്റ് വിപുലീകരണത്തിന് ലീസിന് നൽകുന്ന ദേവസ്വം സ്ഥലത്തിന്റെ നാല് ഭാഗവും ക്ഷേത്രം സ്ഥലം ആകയാൽ പ്രസ്തുത സ്ഥലത്ത് കെട്ടിട സമുച്ചയം നിർമ്മിച്ച് വാടകയ്ക്ക് നൽകാം എന്നും അപ്രകാരം മുറികൾ ലേലത്തിൽ എടുക്കുന്ന വാടകക്കാരിൽ നിന്നും ദേവസ്വം നിശ്ചയിക്കുന്ന പലിശരഹിത നിക്ഷേപം സ്വീകരിച്ച് കെട്ടിട നിർമ്മാണം നടത്താം എന്നുള്ളതിനാൽ നിർമ്മാണത്തിനുള്ള ഫണ്ട് ദേവസ്വം കണ്ടെത്തേണ്ട ബാധ്യതയില്ല എന്നും അപ്രകാരം ക്ഷേത്ര ഫണ്ടിന്റെ അപര്യാപ്തത പരിഗണിക്കാതെ ദേവസ്വത്തിന് ഗുണകരമാക്കാം എന്നുമാണ് ദേവസ്വം ട്രസ്റ്റി ഉന്നയിക്കുന്ന വാദം. ഓഡിറ്റോറിയം നിർമ്മിക്കുമ്പോൾ നിർമ്മാണത്തിന് പ്രാഥമികമായി ദേവസ്വം തന്നെ ഫണ്ട് കണ്ടെത്തി നിർമ്മാണം നടത്തേണ്ടതായി വരുന്നതാണ് എന്നും ഫണ്ട് കണ്ടെത്തുക ശ്രമകരമാണ് എന്നും ഓഡിറ്റോറിയം നിർമ്മിച്ചുകഴിഞ്ഞാലും തുടർച്ചയായി പരിപാടികൾ കിട്ടാനുള്ള സാധ്യത ഇല്ലാത്തത് കാരണം പദ്ധതി പരാജയം ആകും എന്നതാണ് ഓഡിറ്റോറിയം നിർമ്മാണം നടത്തുന്ന നിർദ്ദേശത്തിൽ നിന്നും പിന്മാറാൻ കാരണമെന്നും ട്രസ്റ്റി ഉന്നയിക്കുന്ന വാദങ്ങളാണ്. ബസ്സ്റ്റാന്റ് നിലവിൽ വരികയും വ്യാപാരസമുച്ചയം നിർമ്മാണം നടക്കുകയും ചെയ്താൽ സ്വാഭാവികമായും ക്ഷേത്രത്തിൽ ഭക്തരുടെ എണ്ണവും വർദ്ധിക്കുമെന്നതിനാൽ വരുമാനവും വർദ്ധിക്കുന്നതാണ് എന്നെല്ലാമാണ് ട്രസ്റ്റിയുടെ വാദങ്ങൾ. 73 സെന്റിന്റെ ലീസ് വാടക ലഭിക്കുമെന്നത് കൂടാതെ ദേവസ്വം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വ്യാപാരസമുച്ചയത്തിലെ വാടകയും ക്ഷേത്രത്തിൽ ഭക്തജനങ്ങൾ വർദ്ധിക്കുന്നത് കാരണമുള്ള വരുമാനം വർദ്ധനവും നിർദ്ദേശിക്കപ്പെട്ട പദ്ധതിയുടെ നേട്ടങ്ങൾ ആണെന്നും ഇതു മൂലം ക്ഷേത്രത്തിന്റെ യശസ്സ് വർദ്ധിക്കുകയും ക്ഷേത്ര വികസനം അഭൂതപൂർവ്വമായി നടക്കുമെന്നത് ഗുണവശങ്ങളാണെന്നും ഭക്തർ വർദ്ധിക്കുമ്പോൾ അതിനനുസൃതമായ സൗകര്യങ്ങൾ ദേവസ്വത്തിൽ വരുത്തേണ്ടത് അത്യാവശ്യമാണെന്നും ആയതിനാൽ നിർദ്ദിഷ്ട പദ്ധതി ക്ഷേത്രത്തിന്റെയും ക്ഷേത്ര സ്വത്തിന്റെയും ഗുണത്തിനും ക്ഷേമത്തിനും അഭിവൃദ്ധിക്കും ക്ഷേത്രത്തിന്റെയും ക്ഷേത്ര ഭക്തരുടെയും താല്പര്യത്തിൽ അധിഷ്ഠിതമാണെന്നും അഭിഭാഷകൻ വാദങ്ങൾ ഉന്നയിക്കുന്നുണ്ട്.

പുൽപ്പള്ളി വില്ലേജിലെ റീസർവ്വേ 602/03-ൽ പെടുന്ന 73 സെൻറ് സ്ഥലം ഗ്രാമപഞ്ചായത്തിന് ലീസിന് കൊടുക്കുന്ന കാര്യത്തിൽ ആക്ഷേപ അഭിപ്രായങ്ങൾ ക്ഷണിച്ചുകൊണ്ട് കമ്മീഷണർ ജെ6 3623/2022/എം.ഡി.ബി. തീയതി 29-9-2023 പ്രകാരം പുറപ്പെടുവിച്ച നോട്ടീസിൽ പ്രസിദ്ധീകരിച്ചിരുന്ന വിവരങ്ങളുടെ സംക്ഷിപ്തം ഉൾപ്പെടുത്തിയിട്ടായിരുന്നു പത്രപരസ്യം നൽകിയിരുന്നത്. നിയമത്തിലെ 29 -ാം വകുപ്പിന് കീഴിലെ ചട്ടം പാലിച്ച് നിർദിഷ്ട നോട്ടീസ് സ്കെച്ച്, അതിരുകൾ എന്നീ വിവരങ്ങൾ സഹിതം മലബാർ ദേവസ്വം ബോർഡ് ഓഫീസ് നോട്ടീസ് ബോർഡ്, ക്ഷേത്രം നോട്ടീസ് ബോർഡ്, ക്ഷേത്രം സ്ഥിതി ചെയ്യുന്ന വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്, ക്ഷേത്രത്തിനടുത്ത പൊതുസ്ഥലം എന്നിവിടങ്ങളിൽ നിയമാനുസൃതം പതിച്ചിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ 24 പേരിൽ നിന്ന് പ്രത്യേകം പ്രത്യേകം പരാതികളും 34 പേർ ഒപ്പുവെച്ച മറ്റൊരു പരാതിയും കിട്ടിയിരുന്നതുമാണ്. നിർദ്ദിഷ്ട സ്ഥലങ്ങളിൽ നോട്ടീസുകൾ പതിച്ച സാക്ഷ്യപത്രം സഹിതം അസിസ്റ്റൻറ് കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. ഇതിൽ നിന്നും എല്ലാ വിവരങ്ങളും എല്ലാവരും മനസ്സിലാക്കി എന്നും അപ്രകാരമാണ് പരാതി സമർപ്പിക്കപ്പെട്ടത് എന്ന് മനസ്സിലാക്കാവുന്നതാണ്. നോട്ടീസ് പൂർണമായി പത്രത്തിൽ പ്രസിദ്ധീകരിക്കണം എന്ന പരാതിക്കാരുടെ വാദം യുക്തിക്ക് നിരക്കുന്നതല്ല. ആയതിന് ഭീമമായ ചെലവ് വരുന്നതാണ്. നോട്ടീസ് പൂർണമായും ചട്ടപ്രകാരം പരസ്യപ്പെടുത്തുകയും സംക്ഷിപ്തവിവരങ്ങൾ ഉൾപ്പെടുത്തി പത്രപരസ്യം നൽകുകയും ചെയ്തതിനാൽ നിർദിഷ്ട വിഷയത്തിൽ ആവശ്യമായ എല്ലാ വിവരങ്ങളും നോട്ടിസ് പുറപ്പെടുവിക്കുന്ന ഓഫീസിൽ നിന്ന് നിയമാനുസൃതം ലഭ്യമാകും എന്നതിനാൽ പത്രത്തിലെ പരസ്യം സംക്ഷിപ്തമാക്കിയതിൽ അവ്യക്തതയുണ്ട് എന്ന പരാതിക്കാരുടെ വാദത്തിന് അടിസ്ഥാനമൊന്നുമില്ല.

ക്ഷേത്രത്തിന് പ്രതിവർഷം ഒരു കോടി രൂപയോളം വരുമാനം ഉണ്ടെന്നും ക്ഷേത്രസ്ഥലം അന്യാധീനപ്പെടുത്തി വരുമാനമുണ്ടാക്കേണ്ടതായ ആവശ്യമില്ലെന്നും 5 വർഷത്തെ ഓഡിറ്റ് ചെയ്ത കണക്കുകൾ വിളിച്ചുവരുത്തി പരിശോധിച്ചാൽ ഇക്കാര്യം ബോധ്യപ്പെടും എന്നും എതിർകക്ഷികളുടെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അഭിഭാഷകൻ വാദം ഉന്നയിച്ചിട്ടുണ്ട്. ക്ഷേത്രത്തിന് ഒരു കോടിയോളം രൂപ പ്രതിവർഷം വരുമാനം ലഭിക്കുന്നുണ്ടെന്ന് കാര്യം ട്രസ്റ്റി സമ്മതിച്ചിട്ടുള്ളതാണ്. അതേസമയം അത്രയും തുക ചെലവ് വരികയും കോവിഡ് പോലുള്ള മഹാമാരി വന്നു പെടുക, ഭക്തരുടെ വർദ്ധനവ് അനുസരിച്ച് ക്ഷേത്രത്തിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ജീവനക്കാരുടെ ശമ്പള പരിഷ്കരണം, ജീവനക്കാരുടെ നിയമപരമായ മറ്റ് ആനുകൂല്യങ്ങൾ എന്നിവയുടെ വർദ്ധനവ്, നവീകരണ പുനരുദ്ധാരണ പ്രവൃത്തികൾ എന്നിവക്കെല്ലാം ഭാവിയിൽ ആവശ്യമായി വരുന്ന ചെലവുകൾക്കും മറ്റും ഇതര വരുമാനസ്രോതസ്സ് കണ്ടെത്തുന്നതിന് ആവശ്യമായ പ്രായോഗിക പദ്ധതി എന്ന നിലയിലാണ് നിർദിഷ്ട ലീസ് നൽകുന്നതിന് തീരുമാനിച്ചത് എന്നും ഇത് ഭാവിയിലെ അത്യാവശ്യങ്ങളും ക്ഷേത്രത്തിനും ഭക്തർക്കും ഗുണകരമായ പ്രൊപ്പോസൽ തന്നെയാണെന്നും ആണ് ദേവസ്വം ഭാഗത്ത് നിന്നുള്ള മറുപടി.

ഏതൊരു സ്ഥാപനത്തിനുമെന്ന പോലെ ക്ഷേത്രത്തിനും അതിന്റെ വികസന പദ്ധതികൾ ഒഴിച്ചുകൂടാൻ ആകാത്തതാണ്. പുൽപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പരിഗണിച്ച് ലീസ് നൽകുന്ന സ്ഥലത്തോടു ചേർന്നുള്ള ദേവസ്വം സ്ഥലത്ത് ഒരു വാണിജ്യ സമുച്ചയം നിർമ്മിക്കാനുള്ള സ്ഥലം സൗകര്യപ്പെടുത്തി വെച്ചതും അതിനനുസൃതമായി നിബന്ധനകൾ ധാരണാപത്രത്തിൽ ഉൾക്കൊള്ളിച്ചതും പലിശ രഹിത നിക്ഷേപം മുൻകൂർ സ്വീകരിച്ച് കെട്ടിടം നിർമ്മിക്കാമെന്ന ട്രസ്റ്റിയുടെ പ്രൊപ്പോസലും, നിലിവിൽ ക്ഷേത്രത്തിന്റേതായി നിലനിൽക്കുന്ന ഷോപ്പിംഗ് കോംപ്ലക്സുകൾ അപ്രകാരം നിർമ്മിച്ചതാണെന്ന മറുപടിയിൽ നിന്നും പ്രായോഗികമാണെന്നും ക്ഷേത്രത്തിന്റെ ഭാവി വികസനം കൂടി കണക്കിലെടുത്തുള്ള പദ്ധതിയെന്ന നിലയിൽ ക്ഷേത്രത്തിന് ഗുണകരവും ഭാവിയിലെ അത്യാവശ്യവുമായി കണക്കാക്കുന്നത് നീതിയുക്തമാണെന്ന് കാണുന്നു. കൂടാതെ ക്ഷേത്രത്തിൽ നിലവിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ ചട്ടങ്ങൾ പാലിച്ച് ലേലം നടത്തി ലഭിച്ച നിക്ഷേപം കൊണ്ട് നിർമ്മിച്ചാണ് വാടകയ്ക്ക് നൽകുന്നത് എന്ന ട്രസ്റ്റിയുടെ മറുപടിയിൽ നിന്നും അത്തരം ഒരു പദ്ധതി നടപ്പിലാക്കിയ മുൻപരിചയം മുഖവിലയ്ക്കെടുക്കാവുന്നതാണെന്ന് കാണുന്നു.

21 ഏക്കറിൽ അധികം സ്ഥലം ക്ഷേത്രത്തിന് സമീപം നിലനിൽക്കെ അതിൽ 73 സെന്റ് സ്ഥലം പാട്ടത്തിന് നൽകുന്നതിന് വ്യക്തമായ ആസൂത്രണത്തോടെയുള്ള വികസന പദ്ധതി എന്ന നിലയിലാകയാൽ, ക്ഷേത്ര താൽപ്പര്യവും, ഭക്തജനതാൽപ്പര്യവും പരിഗണിക്കപ്പെട്ടിട്ടുണ്ട് എന്നും ബോധ്യപ്പെടുത്തുന്നു. ലീസ് നൽകപ്പെടുന്ന സ്ഥലം ബസ്സ്റ്റാന്റ് നിർമ്മാണത്തിന് മാത്രമാണ് ഉപയോഗിക്കപ്പെടുക എന്ന് ധാരണാപത്രത്തിൽ വെച്ചിട്ടുള്ളത് കൊണ്ട് ലീസ് ഉടമ്പടിയിലും പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്താൻ നിയമപരമായി നിർബന്ധിതമാണ് എന്നതിനാൽ നിർദ്ദിഷ്ട സ്ഥലത്ത് മത്സ്യ മാർക്കറ്റോ വിപണന കേന്ദ്രമോ തുടങ്ങിയാൽ ക്ഷേത്രത്തിന് ഹാനികരമാകും എന്ന വാദത്തിന് നിലനിൽപ്പ് യാതൊന്നുമില്ല എന്ന് നിരീക്ഷിക്കുന്നു. ഇപ്പോൾ നിലവിലുള്ള ട്രസ്റ്റിയായ ഹർജിക്കാരൻ ക്ഷേത്രഭൂമി കയ്യേറിയിരുന്നു എന്ന് എതിർകക്ഷികളുടെ വാദത്തിന് റിട്ട് ഹർജിക്കാരോ പരാതിക്കാരോ തെളിവൊന്നും ഹാജരാക്കിയിട്ടില്ല. പല വ്യക്തികൾക്കുമെതിരെ നിലവിൽ ഉണ്ടായിരുന്ന നിയമനടപടികൾ നിയമവിരുദ്ധമായി ഒത്തുതീർപ്പാക്കി എന്ന ആരോപണത്തിനും തെളിവൊന്നും ഹാജരാക്കപ്പെട്ടിട്ടില്ല. മുമ്പുണ്ടായിരുന്ന 15,000 ഏക്കർ ഭൂസ്വത്തിൽ നിലവിൽ ക്ഷേത്ര കൈവശമുള്ള വസ്തുക്കൾ കിഴിച്ച് അതാത് കാലത്തെ ട്രസ്റ്റിമാർ അന്യാധീനപ്പെടുത്തി എന്ന് പരാതിക്കാർ ആരോപണം ഉന്നയിക്കുന്നുണ്ടെങ്കിലും ക്ഷേത്ര താൽപര്യ സംരക്ഷണാർത്ഥം അതാത് കാലത്ത് അപ്രകാരമുള്ള ട്രസ്റ്റിക്കെതിരെ ആരെങ്കിലും എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായും തെളിവൊന്നുമില്ല. മുൻകാലത്ത് ക്ഷേത്ര ചുമതലയിലുള്ള ട്രസ്റ്റിമാരുടെ കാലത്ത് നടന്നു എന്ന് ആരോപിക്കപ്പെടുന്ന കാര്യത്തിൽ ഇപ്പോഴത്തെ ട്രസ്റ്റി കുറ്റക്കാരൻ ആകുന്നുമില്ല. ട്രസ്റ്റിയുടെ വ്യക്തി താൽപര്യവും നേട്ടവുമാണ് ലീസ് നൽകുന്നതിന്റെ ലക്ഷ്യം എന്ന ആരോപണം തെളിവോ വാദമോ ഇല്ലാത്തതുമാണ്. ഹർജിക്കാരനായ ട്രസ്റ്റി ചുമതല ഏറ്റെടുത്ത ശേഷം ക്ഷേത്രകൈവശഭൂമി ഒരു ഏക്കറോളം വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത് എന്ന ട്രസ്റ്റിയുടെ വാദം ഖണ്ഡിക്കപ്പെട്ടിട്ടില്ല. ആയതിനാൽ പരാതിയിലെ പ്രസ്തുത ആരോപണങ്ങൾ ഈ നടപടിയിൽ പരിഗണനാർഹമല്ലെന്ന് കണക്കാക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മാനന്തവാടി സബ് കളക്ടർ സർവ്വെ നമ്പർ 602/05-ൽപ്പെട്ട 15 സെന്റ് ഭൂമി സംബന്ധിച്ച കേസിൽ പുറപ്പെടുവിച്ച ഒരു ഉത്തരവിനെതിരെ ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള WP(C) No. 8433/2019 നിലനിൽക്കുന്നത് ഹർജിക്കാരൻ കേസ് നടത്തി ദേവസ്വത്തിന് അനുകൂല വിധി സമ്പാദിച്ചതിനെ തുടർന്നാണ് എന്ന ട്രസ്റ്റിയായ ഹർജിക്കാരന്റെ വാദത്തിന് പരാതിക്കാരുടെ ഭാഗത്ത് നിന്നും മറുപടിയൊന്നും ഇല്ലാത്തതിനാൽ ട്രസ്റ്റിയുടെ വാദം ശരിയാണെന്ന് അനുമാനിക്കുന്നു. ക്ഷേത്രം വക കെട്ടിടത്തിൽ മില്ല് നടത്തി വന്നിരുന്ന വിജയൻ എന്ന വ്യക്തി ദേവസ്വം സ്ഥലം കയ്യേറി കൈവശം വെക്കുന്നു എന്ന ആരോപണത്തിൽ കെട്ടിടം വാടകയ്ക്ക് നൽകിയതാണെന്നും കൃത്യമായി വാടക ലഭിച്ചു വരുന്നതുമാണ് എന്നും കെട്ടിടവും സ്ഥലവും ദേവസ്വം കൈവശാവകാശത്തിൽ നിലനിന്നു വരുന്നു എന്നുമുള്ള ട്രസ്റ്റിയുടെ വാദവും ഖണ്ഡിക്കപ്പെടാത്തതിനാൽ വസ്തുതാപരമെന്ന് കണക്കാക്കുന്നു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് നടത്തിവരുന്ന ക്ഷേത്രമാകയാൽ, ക്ഷേത്രത്തിന്റെ പേരിൽ ട്രസ്റ്റി പല പല ബാങ്കുകളിലും പല പേരുകളിലായി നിരവധി അക്കൗണ്ടുകളിൽ പണം നിക്ഷേപിച്ച് കണക്കിൽപ്പെടുത്താതെ സൂക്ഷിക്കുന്നു എന്നതും വ്യാജ ആരോപണമാണെന്ന ട്രസ്റ്റിയുടെ അഭിഭാഷകന്റെ വാദം പരിഗണിച്ച് തെളിവുകളുടെ അഭാവത്തിലും കണക്കുകൾ ഓഡിറ്റ് വകുപ്പ് കൃത്യമായി ഓഡിറ്റ് നടത്തി വരുന്ന സാഹചര്യത്തിലും പ്രസ്തുത ആക്ഷേപങ്ങൾ നിരാകരിക്കുന്നു.

ക്ഷേത്ര സ്വത്തുക്കൾ സൗജന്യമായി പലർക്കും നൽകി എന്ന ആരോപണത്തിൽ ഇപ്പോഴത്തെ ട്രസ്റ്റിയായ ഹർജിക്കാരന്റെ ഭരണ കാലയളവിൽ ക്ഷേത്രഭൂസ്വത്ത് ആർക്കും സൗജന്യമായി നൽകിയിട്ടില്ല എന്ന ട്രസ്റ്റിയുടെ മറുപടിയിൽ എതിർകക്ഷികൾ ഭാഗത്തു നിന്നും യാതൊരു തെളിവും മറുപടിയും ഹാജരാക്കാത്തതിനാലും പ്രസ്തുത ആരോപണവും ഇപ്പോഴത്തെ ട്രസ്റ്റിയ്ക്ക് എതിരെ നിലനിൽക്കാത്തതാണെന്ന് കാണുന്നു. പുൽപ്പള്ളി മുരിക്കൻമാർ ദേവസ്വത്തിന്റെ 30 സെന്റ് സ്ഥലം ഒരു സെന്റിന് ₹ 35000 വെച്ച് ഒരു വ്യക്തിക്ക് വിട്ടുകൊടുത്തു എന്നും പിന്നീട് ഇതേസ്ഥലം 10 ലക്ഷം രൂപ വെച്ചാണ് കൈമാറ്റം ചെയ്തിട്ടുള്ളത് എന്നും ഇക്കാര്യം 31-8-2016 വിജിലൻസ് അന്വേഷണത്തിൽ വ്യക്തമാക്കിയിട്ടുള്ളതായും അസിസ്റ്റന്റ് കമ്മീഷണറുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട് എന്ന എതിർകക്ഷികളുടെ വാദത്തിന് തെളിവായി മലബാർ ദേവസ്വം ബോർഡ് അസിസ്റ്റന്റ് കമ്മീഷണറുടെ എ4-2802/2018/എംഡിബി തീയതി 15-11-2018-ലെ റിപ്പോർട്ട് കോപ്പി പരാതിക്കാർ ഹാജരാക്കിയിട്ടുണ്ട്. എങ്കിലും ഇക്കാര്യത്തിൽ കമ്മീഷണർ മുമ്പാകെ പരാതി ഉന്നയിക്കപ്പെട്ട ശേഷം കമ്മീഷണർ ഡെപ്യൂട്ടി കമ്മീഷണറെ നിയോഗിച്ച് അന്വേഷണം നടത്തിയിരുന്നു എന്നും ഡെപ്യൂട്ടി കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാതികളിൽ തീർപ്പ് കൽപ്പിച്ചിരുന്നതുമാണ് എന്നും ട്രസ്റ്റി വാദിക്കുന്നു. ട്രസ്റ്റി 31-8-2016-ലെ വിജിലൻസിന്റെ റിപ്പോർട്ട്, ഡെപ്യൂട്ടി കമ്മീഷണറുടെ 11-1-2021-ലെ അന്വേഷണ റിപ്പോർട്ട് എന്നിവയുടെ പകർപ്പുകൾ ഹാജരാക്കുകയുണ്ടായി. കമ്മീഷണറുടെ ജെ5/5938/2018/എംഡിബി തീയതി 27-10-2018-ലെ നിർദ്ദേശ പ്രകാരമാണ് എതിർകക്ഷികൾ ഹാജരാക്കിയ അസിസ്റ്റന്റ് കമ്മീഷണറുടെ തീയതി 15-11-2018-ലെ റിപ്പോർട്ട് എന്നും തുടർന്ന് കമ്മീഷണറുടെ ജെ5/5938/2018/എംഡിബി തീയതി 25-3-2019-ലെ ഉത്തരവ് പ്രകാരമാണ് ട്രസ്റ്റി ഹാജരാക്കിയ ഡെപ്യൂട്ടി കമ്മീഷണറുടെ 11-1-2021-ലെ റിപ്പോർട്ട് എന്നും ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കാണുന്നു. ഡെപ്യൂട്ടി കമ്മീഷണറുടെ 11-1-2021-ലെ റിപ്പോർട്ടിൽ എതിർകക്ഷികൾ ഹാജരാക്കിയ എ4/2802/2018 തീയതി 15-11-2018 റിപ്പോർട്ട് സൂചന (4) ആയി പരാമർശിക്കപ്പെട്ടതിൽ നിന്നും പ്രസ്തുത റിപ്പോർട്ട് കൂടി പരിഗണിച്ചാണ് ഡെപ്യൂട്ടി കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതെന്ന് പ്രസ്തുത റിപ്പോർട്ട് കൊണ്ട് തന്നെ വ്യക്തമാകുന്നു. ഡെപ്യൂട്ടി കമ്മീഷണറുടെ റിപ്പോർട്ടിലെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

“കമ്മീഷണറുടെ ജെ6/4300/1006 തീയതി 16-6-2006 ഉത്തരവ് പ്രകാരം കൊട്ടാരം ജയകുമാർ, സീതാലയം സുമതി എന്നിവരിൽ നിന്ന് സെന്റിന് ₹ 35,000 പ്രകാരം വിലയായി സ്വീകരിച്ചു കൊണ്ടാണ് ഇത് തീർപ്പാക്കിയതെന്നും വർഷങ്ങളായി അവരുടെ കൈവശത്തിൽ ഇരിക്കുന്നതും, അവർക്ക് പട്ടയമുള്ളതും 1957-ൽ അന്നത്തെ ഊരാളൻ ചാർത്തി നൽകിയതും 3 കോടതികളിലും ദേവസ്വത്തിന് പരാജയം സംഭവിക്കുകയും ചെയ്ത കേസിൽ ഉൾപ്പെട്ട ഭൂമിയാണ് ഇതെന്നും ട്രസ്റ്റിയുടെ സ്റ്റേറ്റ്മെൻറിൽ ഉണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഈ വിഷയം വിജിലൻസ് കോടതിയുടെ CMP.371/2016 കേസിൽ പരിശോധിച്ചതും തീരുമാനം ആയതുമാണ്. 30 സെന്റ് ഭൂമി സംബന്ധിച്ച മേൽ വിഷയം CMP.371/2016-ൽ 31-8-2015-ലെ റിപ്പോർട്ടിലെ 11 ആരോപണങ്ങളിൽ 1- ാം പരാതിയായി പരിഗണിച്ച് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചതായി കാണുന്നുണ്ട്".

വിജിലൻസിന്റെ 31-8-2016 -ലെ റിപ്പോർട്ടു പ്രകാരം ശ്രീമതി സുമതി എന്നവരുടെ പൂർവ്വികർ അന്നത്തെ ട്രസ്റ്റിയിൽ നിന്നും വിലകൊടുത്തു വാങ്ങിയ 30 സെൻറ് സ്ഥലത്ത് നിന്നും 10 സെൻറ് ജയകുമാർ എന്ന വ്യക്തിക്ക് ₹ 15,000-ന് 2006-ൽ വിൽപ്പന നടത്തിയിരുന്നതാണെന്നും ഈ വിഷയത്തിൽ പിന്നീട് വന്ന ട്രസ്റ്റി കൈവശക്കാർക്ക് എതിരെ സുൽത്താൻ ബത്തേരി മുൻസിഫ് കോടതിയിൽ ഫയൽ ചെയ്ത ഒ.എസ്-308/1994 നമ്പർ കേസിൽ ദേവസ്വത്തിനെതിരായി വിധി പുറപ്പെടുവിക്കപ്പെട്ടതിനെ തുടർന്ന് സുൽത്താൻ ബത്തേരി സബ്കോടതി മുമ്പാകെയും, തുടർന്ന് കൽപ്പറ്റ അഡീഷണൽ ജില്ലാ കോടതി മുമ്പാകെയും ഫയൽ ചെയ്യപ്പെട്ടിരുന്ന അപ്പീലുകളിലും ദേവസ്വം പരാജയപ്പെട്ടതിനെതുടർന്ന് സുൽത്താൻ ബത്തേരി തഹശീൽദാർ സെന്റിന് ₹ 18,000 വില നിശ്ചയിക്കുകയും, കൈവശക്കാർ ₹ 30,000 വാഗ്ദാനം ചെയ്യുകയും HR & CE കമ്മീഷണർ ₹ 35,000 നിശ്ചയിച്ച് സർക്കാരിലേക്ക് ശുപാർശ ചെയ്യുകയും സർക്കാർ G.O.(Rt)No. 2571/06/RD തീയതി 20-4-2006-ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം നിശ്ചയിച്ച ₹ 35,000 നിരക്കിൽ വിലവാങ്ങി നിയമതർക്കം അവസാനിപ്പിക്കുകയാണുണ്ടായത് എന്നും, എല്ലാ വശവും പരിശോധിച്ചാൽ ട്രസ്റ്റിയുടെ തീരുമാനം ക്ഷേത്രതാൽപ്പര്യത്തിന് വിരുദ്ധമാണ് എന്ന് പറയാൻ കഴിയില്ലെന്നും ഭൂസ്വത്തിന് വില അനുദിനം കൂടിക്കൊണ്ടിരിക്കുന്നതിനാൽ ആയത് പിന്നീട് 10 ലക്ഷം രൂപയ്ക്ക് വിൽപ്പന നടത്തിയിട്ടുണ്ടാകാമെന്നത് സ്വാഭാവികമാണെന്നും പരാതിയിൽ ഉന്നിയിച്ച ആരോപണത്തിൽ തെളിവൊന്നും ഹാജരാക്കപ്പെടാത്തതിനാൽ, തെളിയിക്കപ്പെട്ടിട്ടില്ലെന്നുമാണ് റിപ്പോർട്ടിൽ വ്യക്തമാക്കപ്പെട്ടിരുന്നത്. 31-8-2016-ലെ വിജിലൻസ് റിപ്പോർട്ടും ഡെപ്യൂട്ടി കമ്മീഷണറുടെ 11-1-2021-ലെ റിപ്പോർട്ടും പരിഗണിച്ചാൽ എതിർ കക്ഷികൾ ഹാജരാക്കിയ അസിസ്റ്റന്റ് കമ്മീഷണറുടെ എ4-2802/2018/എം.ഡി.ബി, തീയതി 15-11-2018 റിപ്പോർട്ട് വിജിലൻസിന്റെ 31-8-2016-ലെ റിപ്പോർട്ട്, വിജിലൻസ് കോടതി നടപടിയും പരിഗണിക്കാതെ തയ്യാറാക്കപ്പെട്ടതാണെന്ന് കണക്കാക്കാവുന്നതാണ്.

എതിർകക്ഷികൾ, 2000(3) KLT 129 പ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ട ബഹു. ഹൈക്കോടതി വിധി പകർപ്പ് ദേവസ്വം ഭൂസ്വത്ത് അന്യാധീനപ്പെടുത്തിയ കാര്യത്തിൽ പ്രസക്തമെന്ന നിലയ്ക്ക് ഹാജരാക്കിയത് വിശദമായി പരിശോധിച്ചു. ശ്രീ. മാടായിക്കാവ് ക്ഷേത്രം വക 25 ഏക്കർ ഭൂസ്വത്ത്, 1982-ൽ വെറും ₹ 20,000-ന് വിൽപ്പന നടത്തിയ വിഷയത്തിൽ പുറപ്പെടുവിക്കപ്പെട്ട വിധിയാണ് ഹാജരാക്കപ്പെട്ടിട്ടുള്ളത്. നിയമത്തിലെ 29-ാം വകുപ്പനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിക്കാതെയാണ് നിർദ്ദിഷ്ട തർക്കവിഷയത്തിൽ ഉൾപ്പെട്ട ഭൂസ്വത്ത് വില്പന നടത്തിയിരുന്നത്. ശ്രീ പുൽപ്പള്ളി മുരിക്കൻമാർ ക്ഷേത്രത്തിൽ 73 സെന്റ് സ്ഥലം വാർഷിക പാട്ടം ₹ 5,25,600 (അഞ്ച് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി അറുന്നൂറ് രൂപ) നിരക്ക് നിശ്ചയിച്ച് മൂന്ന് വർഷം കൂടുമ്പോൾ 12 ശതമാനം വർദ്ധനവ് വരുത്താവുന്ന വിധം, ക്ഷേത്രതാൽപ്പര്യാർത്ഥമുള്ള മറ്റു നിബന്ധന കളോടെ ബസ്സ്റ്റാന്റ് വിപുലീകരണത്തിന് പുൽപ്പള്ളി ഗ്രാമപഞ്ചായത്തിന് 33 വർഷത്തേക്ക് ലീസിന് നൽകാൻ 29-ാം വകുപ്പനുസരിച്ചുള്ള മുഴുവൻ നടപടിക്രമങ്ങളും പാലിച്ച് സ്വീകരിച്ച് വരുന്ന ഈ നടപടിയിൽ പരാതിക്കാർ ഹാജരാക്കിയ പ്രസ്തുത വിധി അപ്രസക്തമാണ്. ഹാജരാക്കപ്പെട്ട വിധിയിൽ ₹ 20,000-ന് 25 ഏക്കർ ഭൂസ്വത്ത് ട്രസ്റ്റി വിൽപ്പന നടത്തുകയാണ് ചെയ്തിരുന്നത്. ഈ നടപടിയിൽ തർക്കിക്കുന്ന വിഷയം ശ്രീ മുരിക്കൻമാർ ദേവസ്വം ഭൂസ്വത്ത് പാട്ടത്തിന് നല്കേണ്ടതില്ല എന്നതാണ്. ആദ്യത്തെ മൂന്ന് വർഷത്തെ നിരക്ക് പ്രതിവർഷം ₹ 5,25,600-ം മൂന്ന് വർഷം പൂർത്തിയാകുമ്പോൾ പിന്നീട് 12 ശതമാനം വീതം വർദ്ധനവ് ഉൾപ്പെടെ കണക്കാക്കിയാൽ 33 വർഷക്കാലത്തേക്ക് ദേവസ്വത്തിന് മൂന്നേകാൽ കോടിയിൽ അധികം രൂപ പാട്ടമായി മാത്രം ലഭിക്കുന്നതാണ്. റബ്ബർ കൃഷിയിൽ നിന്ന് നാമമാത്രമായ വരവ് ലഭിക്കുന്നതിന് പകരമാണ് ഇത്രയും ഉറച്ച വരുമാനം ലഭ്യമാകുന്നത് എന്നതും സംസ്ഥാന സർക്കാരിന് കീഴിലെ തദ്ദേശസ്വയംഭരണ സ്ഥാപനമായ പുൽപ്പള്ളി പഞ്ചായത്തിനാണ് പാട്ടത്തിന് നൽകുന്നത് എന്നതിനാൽ ഭൂസ്വത്ത് അന്യാധീനപ്പെടുമെന്ന സംശയമില്ലാതെ വരുമാനം ഉറപ്പ് വരുത്താൻ സാധിക്കുന്നു എന്നതും പരിഗണിച്ചാൽ ഹാജരാക്കപ്പെട്ട

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിധിയിലെ തർക്ക വിഷയവും ഈ നടപടിയിലെ തർക്ക വിഷയം വ്യത്യസ്തമാണ് എന്നും പ്രസ്തുതവിധി ഈ നടപടിയിൽ അപ്രസക്തമാണ് എന്നത് തർക്കത്തിന് അതീതമാണെന്ന് കാണിക്കുന്നു.

റിട്ട് ഹർജിക്കാർ ഭാഗത്തുനിന്നും ഹാജരാക്കപ്പെട്ട 10 രേഖാപകർപ്പുകൾ സുൽത്താൻ ബത്തേരി മുൻസിഫ് കോടതി മുമ്പാകെ ഒന്നാം ഹർജിക്കാരൻ ഫയൽ ചെയ്ത O.S 57/2023 അന്യായം, ആയതിൽ ഫയൽ ചെയ്ത 03/2023 ഇടക്കാല ഹർജി അന്യായത്തിൽ സമർപ്പിക്കപ്പെട്ട കമ്മീഷൻ റിപ്പോർട്ട്, 1, 2 പ്രതികളുടെ കാര്യവിവരപത്രിക, I. A. 03/2023-ൽ 3 മുതൽ 5 വരെ എതിർകക്ഷികളുടെ കൗണ്ടർ സ്റ്റേറ്റ്മെന്റ് കോടതിയിൽ നിലവിലുള്ളതും പി. എൻ. രാജൻ, വി. ആർ. സതീഷ് എന്നിവർ ഫയൽ ചെയ്ത O.S 33/2023 അന്യായ പകർപ്പ്, പ്രസ്തുത കേസിൽ ഒന്ന്, രണ്ട് പ്രതികളും 3, 4, 5 പ്രതികളും ഫയൽ ചെയ്ത കാര്യവിവരപത്രികകൾ സുൽത്താൻബത്തേരി സബ് കോടതി മുമ്പാകെ ഫയൽ ചെയ്യപ്പെട്ടിരുന്ന O.S 17/2018–ൽ 18-1-2023-ൽ സബ് കോടതി പുറപ്പെടുവിച്ച I.A 01/2020-ൽ (in O.S 17/2018) 18-1-2023-ലെ ഉത്തരവ്, ഒ.എസ്. 17/2018-ൽ 3-3-2020-ൽ പുറപ്പെടുവിക്കപ്പെട്ട വിധി പകർപ്പ് എന്നിവ പരിഗണിച്ചു. O.S 57/2023, O.S 33/2023 എന്നിവ WP(C) No.10392/2023, WP(C) No. 12962/2024 എന്നിവ ഫയൽ ചെയ്ത ഹർജ്ജിക്കാരും കൂടെ വി. ആർ. സതീഷ് എന്ന വ്യക്തിയും കൂടി ഫയൽ ചെയ്ത രണ്ട് അന്യായങ്ങളാണ്. ഈ രണ്ട് അന്യായത്തിലും ആവശ്യപ്പെട്ട നിവൃത്തികൾ ഈ നടപടിയിൽ 29-ാം വകുപ്പ് പ്രകാരം ലീസ് നൽകാൻ അനുമതി ആവശ്യപ്പെട്ട അനുബന്ധം ഒന്ന് പട്ടികയിലെ ഭൂസ്വത്ത് പാട്ടം നൽകുക, വിൽക്കുക അന്യാധീനപ്പെടുത്തുക, തൽസ്ഥിതിയിൽ മാറ്റം വരുത്തുക എന്നിവ പാടില്ലെന്നും ഒരു ശാശ്വത ഇഞ്ചക്ഷനിലൂടെ ആയത് നിരോധിച്ച് കിട്ടുന്നതിനും വേണ്ടി ഫയൽ ചെയ്തിട്ടുള്ളതാണ്. 1 മുതൽ 8 വരെയുള്ള പ്രസ്തുത അന്യായത്തിന്റെ തുടർനടപടിയിൽ വന്നിട്ടുള്ള അനുബന്ധ രേഖകളാണ് 9, 10 നമ്പർ രേഖകൾ. ഒ.എസ് 17/2018 ലും ഈ നടപടിയിൽ ലീസിന് നൽകാൻ അനുവദിക്കപേക്ഷിച്ചിട്ടുള്ളതുമായ സ്ഥലം അന്യാധീനപ്പെടുത്തുന്നത് വിലക്കുന്ന ശാശ്വത ഇഞ്ചക്ഷൻ ഉത്തരവിന് അപേക്ഷിച്ചിട്ടുള്ളതാണ്. O.S 57/2023, O.S 33/2023 എന്നീ അന്യായങ്ങളിലും ആവശ്യപ്പെട്ട നിവൃത്തി ലീസ് നൽകുന്ന നടപടികൾ ശാശ്വതമായി തടയുന്നതിന് വേണ്ടിയുള്ളതാണ്. O.S 17/2018 നിലനിൽക്കാത്തതിനാൽ തള്ളിപോയിട്ടുള്ളതും O.S 57/2023, O.S 33/2023 എന്നിവയിൽ ഇടക്കാല ഉത്തരവുകൾ ഒന്നും പുറപ്പെടുവിക്കപ്പെട്ടിട്ടില്ലാത്തതുമാണ്. ഈ അന്യായങ്ങൾ നിലനിൽക്കെയാണ് അതേ നിവൃത്തികൾക്കായി ഹർജിക്കാർ WP(C) No. 10392/2023, WP(C) No. 12962/2024. എന്നിവ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ളതും വിധി പുറപ്പെടുവിക്കപ്പെട്ടിട്ടുള്ളതുമെന്നത് വസ്തുതയാണ്. ബഹു. ഹൈക്കോടതി മുമ്പാകെ റിട്ട് ഹർജി ഫയൽ ചെയ്ത് സമയബന്ധിതമായി ഉത്തരവ് പുറപ്പെടുവിക്കാൻ കമ്മീഷണർക്കുള്ള നിർദ്ദേശത്തോടെ വിധി പുറപ്പെടുവിക്കപ്പെട്ടതിനാൽ ആയത് നടപ്പിലാക്കുന്നതിന് ബാധ്യസ്ഥനായ കമ്മീഷണർ നടപടി സ്വീകരിക്കുമ്പോൾ O.S. 57/2023, O.S. 33/2023 എന്നിവ നിലനിൽക്കുന്നതിനാൽ ബഹു. ഹൈക്കോടതി വിധി പാലിച്ചുള്ള ഈ ഫയലിലെ നടപടികൾ സ്റ്റേ ചെയ്യണമെന്ന് ആവശ്യപ്പെടുന്നത് അനുചിതവും നിയമവിരുദ്ധവുമാണ്. ആയതിനാൽ മേൽപ്പറഞ്ഞ പത്ത് രേഖകൾക്കും ഈ നടപടിയിൽ പ്രസക്തിയാതൊന്നുമില്ലാത്തതാണ് എന്ന് നിരീക്ഷിക്കുന്നു.

ബഹു. ഹൈക്കോടതിയുടെ WP(C) No.10392/2023, തീയതി 11-7-2023, WP(C) No. 12962/2024 തീയതി 30-10-2024 വിധികളിലെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഇനി പരിശോധിക്കാനുള്ളത് ക്ഷേത്ര സ്ഥലം ലീസിന് നൽകുന്നതിൽ പൊതു ആവശ്യമെന്ന തത്ത്വം ഉൾചേർത്തിട്ടുണ്ടോ എന്നതും, പാട്ടം നൽകുന്നതിൽ ട്രസ്റ്റി ദേവസ്വത്തോടു വിശ്വസ്തത പുലർത്തിയിട്ടുണ്ടോ എന്നതും ലീസ് ക്ഷേത്രത്തിന് ഗുണകരമാണോ എന്നതും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം നിർദ്ദേശിക്കപ്പെട്ട പ്രകാരം ലാഭകരവും സാധ്യവുമാണോ എന്നതും പാട്ട വാടക നിശ്ചയിച്ചിട്ടുള്ളത് സ്വത്തിന്റെ മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിലും നടപ്പിലുള്ള വാടക നിരക്കിലും കുറവല്ല എന്ന് ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടുണ്ടോ എന്നതും ആണ്.

ക്ഷേത്രത്തിൽ കേരളത്തിലെ ഭക്തർ കൂടാതെ ഇപ്പോൾ കർണ്ണാടക, തമിഴ്നാട് സംസ്ഥാനങ്ങളിൽ നിന്ന് പോലും ഭക്തജനങ്ങൾ എത്തുന്നുണ്ട് എന്നും, ആയതിനാൽ ബസ്സ്റ്റാന്റ് വിപുലീകരിക്കപ്പെടുക എന്നത് ആത്യന്തികമായി ദേവസ്വത്തിന്റെയും ഭക്തരുടെയും ആവശ്യമാണ് എന്നും അപ്പോൾ സ്വാഭാവികമായും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അതിനാവശ്യമായ സൗകര്യങ്ങൾ ക്ഷേത്രത്തിൽ ഏർപ്പെടുത്തേണ്ടതിന് വരുമാന വർദ്ധനവ് അവശ്യമാണ് എന്നും ട്രസ്റ്റി വാദിക്കുന്നു. ലീസിന് നൽകാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് നിന്നും റബ്ബർ മരങ്ങൾ മുറിച്ചുമാറ്റിയാണ് ലീസിന് നൽകുന്നത് എന്ന് എതിർകക്ഷികളും സമ്മതിക്കുന്നുണ്ട്. സ്ഥലം കൃഷിക്ക് ലീസിന് നൽകുമ്പോൾ നാമമാത്രമായ വരുമാനം മാത്രമേ ലഭിക്കുകയുള്ളൂ. അനുബന്ധമായി ദേവസ്വത്തിന് മറ്റൊരു ഗുണപരതയുമില്ലാത്തതുമാണ്. കൃഷി നേരിട്ട് നടത്തി ലാഭകരമാക്കുന്നതും സുസാധ്യമല്ല. പരിഗണിക്കുന്ന അപേക്ഷ പ്രകാരം സ്ഥലം ലീസിന് നൽകുമ്പോൾ നല്ല തുക പാട്ടവാടക ലഭിക്കുമെന്നത് പോലെ ബസ്സ്റ്റാന്റ് വിപുലീകരിക്കപ്പെടുമ്പോൾ യാത്രാ സൗകര്യം വർദ്ധിക്കുകയും, നിർദ്ദിഷ്ട റോഡ്, ഡ്രയിനേജ് എന്നിവ നിബന്ധനകൾ പ്രകാരം നിർമ്മിക്കപ്പെടുകയും ചെയ്യുമ്പോൾ മാത്രമേ ഷോപ്പിംഗ് കോംപ്ലക്സ് പ്രൊപ്പോസ് ചെയ്ത പ്രകാരം പ്ലാനും എസ്റ്റിമേറ്റും അംഗീകരിച്ചു വാങ്ങി നിർമ്മിക്കാനുദ്ദേശിക്കുന്ന മുറികൾ വാടകയ്ക്ക് നൽകുന്നത് ലേലത്തിൽ വെച്ചു ഉയർന്ന തുക പലിശ രഹിത നിക്ഷേപമായി വാങ്ങി പ്രസ്തുത നിക്ഷേപം ഉപയോഗിച്ച് നിർമ്മാണം നടത്തി വാടക ലഭ്യമാക്കൽ പ്രായോഗികമാവുകയുള്ളൂ എന്നതാണ് ട്രസ്റ്റി നിർദ്ദേശിക്കുന്ന പദ്ധതി. ക്ഷേത്രം വക മാരുതി, പഞ്ചവടി വൈദേഹി ഷോപ്പിംഗ് കോംപ്ലക്സുകൾ ഇതേ വ്യവസ്ഥയിൽ നിർമ്മിച്ചവയാണ് എന്നും ഇപ്പോൾ ലീസിന് നൽകുന്ന സ്ഥലത്ത് ബസ്സ്റ്റാന്റ് നിർമ്മിക്കപ്പെടാതെ ഇത്തരമൊരു പ്രോജക്ട് പ്രായോഗികമാവുകയില്ല എന്നും ട്രസ്റ്റി വാദിക്കുന്നു. നിലവിൽ മൂന്ന് പ്രോജക്ടുകൾ അപ്രകാരം നടപ്പിലാക്കിയത് ലാഭകരമായി നടക്കുന്നു എന്ന ട്രസ്റ്റിയുടെ വാദം ഖണ്ഡിക്കപ്പെട്ടിട്ടില്ല. ആയതിനാൽ വസ്തുനിഷ്ഠമായ ഒരു പഠനം എന്നത് ബസ്സ്റ്റാന്റിന്റെ പ്രവർത്തന ക്ഷമമായശേഷം ആവശ്യമെങ്കിൽ നടത്തേണ്ടുന്ന കാര്യമാണ്. നിലവിൽ ക്ഷേത്രം വകയായി പ്രവർത്തിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സുകൾ - ഉദാഹരണമായി വെച്ച് ബസ്സ്റ്റാന്റ് നിലവിൽ വരുമ്പോൾ നിർമ്മാണം നടത്താനാകുന്ന വിധത്തിൽ നിബന്ധനകളോടെ ലീസിന് നൽകുന്നത് അനുമാനത്തിന്റെ അടിസ്ഥാനത്തിലാണെങ്കിലും ആസൂത്രിതവും ക്ഷേത്രത്തിന് പാട്ട വാടക കിട്ടുമ്പോൾ തന്നെ ക്ഷേത്രഫണ്ടിൽ നിന്നും പണം ചെലവഴിക്കാതെ വാണിജ്യസമുച്ചയം നിർമ്മിച്ച് വരവ് കണ്ടെത്താം എന്നതും, ക്ഷേത്രത്തിന് ഗുണകരമാണ് എന്നത് തർക്കത്തിനതീതമാണ് എന്ന് കണക്കാക്കുന്നു. ഇതിൽ ക്ഷേത്രതാല്പര്യവും ഭക്തജനതാല്പര്യവും തന്നെയാണ് അടങ്ങിയിരിക്കുന്നത് എന്ന് നിരീക്ഷിക്കുന്നു. വാണിജ്യസമുച്ചയം നിർമ്മിച്ച് വാടക വരുമാനം ഉണ്ടാക്കുന്നത് നടപ്പിലായില്ലെങ്കിൽപോലും ലീസിന് നിശ്ചയിക്കപ്പെട്ട നിരക്ക് ഗുണകരമാണ് എന്നാണ് ട്രസ്റ്റിയുടെ അഭിഭാഷകൻ വാദിക്കുന്നത്. ക്ഷേത്രം സ്ഥലം വില്പന നടത്തിയിട്ടില്ലാത്തതിനാലും ക്ഷേത്ര സമീപ സ്ഥലങ്ങൾ വില്പന നടത്തിയതായി അറിവില്ല എന്നതിനാലും മാർക്കറ്റ് വില നിശ്ചയിക്കുക സാധ്യമല്ല എന്നാണ് ട്രസ്റ്റിയുടെ വാദം. അതുകൊണ്ടാണ് സർക്കാർ നിശ്ചയിച്ച് വിജ്ഞാപനം ചെയ്യുന്ന ഫെയർ വാല്യൂ അടിസ്ഥാനമാക്കി വാടക നിശ്ചയിച്ചത് എന്നും, എതിർകക്ഷികളുടെ ഭാഗത്ത് നിന്നും മാർക്കറ്റ് വില നിശ്ചയിക്കുന്നതിന് അടിസ്ഥാനമാക്കാവുന്ന യാതൊരു തെളിവും ഹാജരാക്കപ്പെട്ടിട്ടില്ല എന്നും ട്രസ്റ്റിയുടെ അഭിഭാഷകൻ വാദിച്ചു.

ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിലെ 29-ാം വകുപ്പ് പ്രകാരം ദേവസ്വത്തിന്റെ അത്യാവശ്യമോ, ഗുണകരമോ ഏതെങ്കിലും ഒരു നേട്ടം ഉണ്ടെങ്കിൽ പോലും അനുമതി നൽകാമെന്നാണ് വ്യവസ്ഥ എന്നും ദേവസ്വത്തിന് ഇപ്പോൾ ലഭിക്കുന്ന വരുമാനം നടത്തിപ്പിന് ചെലവ് ചെയ്തു പോകുന്നതിനാൽ മിച്ച ഫണ്ട് ഉണ്ടാകുന്നില്ലെന്നും, കോവിഡ് മഹാമാരിയിൽ ദേവസ്വം വക നിലവിലുള്ള കെട്ടിടങ്ങളുടെ വാടക ലഭിക്കുന്നത് മൂലമാണ് ക്ഷേത്ര നടത്തിപ്പിന് ഭംഗം വരാതിരുന്നത് എന്ന സാഹചര്യം പരിഗണിക്കണം എന്നാണ് ഹർജിക്കാരന്റെ അഭിഭാഷകന്റെ വാദം. SRO No. 420/2023 തീയതി 25-3-2023 പ്രകാരം സർക്കാർ വിജ്ഞാപനം ചെയ്ത G.O.(P)No. 45/2023/Tax തീയതി 25-3-2023 ഉത്തരവ് പ്രകാരം സർക്കാർ നിജപ്പെടുത്തി പ്രസിദ്ധീകരിച്ച വില അടിസ്ഥാനമാക്കി മലബാർ ദേവസ്വം ബോർഡ് അംഗങ്ങൾ, അസിസ്റ്റന്റ് കമ്മീഷണർ, ഗ്രാമപഞ്ചായത്ത് അധികൃതർ, ദേവസ്വം ട്രസ്റ്റി എന്നിവരുമായി ചർച്ച നടത്തി സർക്കാർ ഭൂസ്വത്ത് പാട്ടത്തിന് നൽകുന്നതിന് നിശ്ചയിച്ച 2% അടിസ്ഥാന പാട്ട നിരക്കായി കണ്ട് അതിലും കൂടിയ 2.7% നിരക്കിന് സമാനമായ തുകയാണ് വാർഷിക പാട്ടമായി നിശ്ചയിച്ചിട്ടുള്ളത് എന്നാണ് ട്രസ്റ്റിയുടെ അഭിഭാഷകൻ വാദിക്കുന്നത്. SRO No. 420/2023 തീയതി 25-3-2023, പാട്ടം നിശ്ചയിച്ച രേഖകൾ എന്നിവയുടെ പകർപ്പുകൾ ട്രസ്റ്റി ഹാജരാക്കിയിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രസ്തുത രേഖകൾ എതിർക്ഷികൾ തർക്കിച്ചിട്ടില്ല. ഭൂസ്വത്തിന്റെ മാർക്കറ്റ് വില കണക്കാക്കുന്നതിന് യാതൊരു രേഖയും എതിർകക്ഷികളുടെ ഭാഗത്ത് നിന്നും ഹാജരാക്കപ്പെട്ടിട്ടുമില്ല.

ദേവസ്വം ട്രസ്റ്റിയുടെ അപേക്ഷയനുസരിച്ച് ലീസ് വാടക ഒരു സെന്റിന് ₹ 600 നിരക്കിൽ 73 സെന്റിന്റെ പ്രതിമാസ വാടക ₹ 43,800-ം, പ്രതിവർഷം ₹ 5,25,600-ആണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളതെന്നും, റോഡ് സൗകര്യമുള്ള ഗൃഹവാസയോഗ്യമായ ഭൂസ്വത്തിന് റീസർവ്വെ 602/3-ൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള ന്യായമായ മൂല്യം ഒരു ആർ അളവിന് ₹ 6,52,080-ആകയാൽ കാർഷിക യോഗ്യമായ നിർദ്ദിഷ്ട ലീസ് ഭൂസ്വത്തിന് ഗൃഹവാസ യോഗ്യമായ റോഡ് സൗകര്യമുള്ള സ്ഥലത്തിന്റെ മൂല്യം വെച്ച് കണക്കാക്കിയാൽ വരുന്ന വില ₹ 1,92,68,964 ആണ് കണക്കാവുന്നത് എന്നതിനാൽ ആയതിന്റെ സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള 2% എന്നത് 3,85,379 രൂപയാണ് എന്നത് പരിഗണിച്ചാൽ പ്രതിവർഷ ലീസ് വാടക ₹ 5,25,600 ദേവസ്വത്തിന് ഗുണകരവും ട്രസ്റ്റി ദേവസ്വത്തോട് വിശ്വസ്തത പുലർത്തി എടുത്ത തീരുമാനം ആണെന്നും കണക്കാക്കുന്നു. ഓരോ മൂന്നുവർഷം കൂടുമ്പോഴും 12% വർദ്ധനവും കണക്കിലെടുത്താൽ പ്രതിവർഷ ലീസ് വാടക തന്നെ ദേവസ്വത്തിന് വളരെ ഗുണകരമാണ് എന്ന ട്രസ്റ്റിയുടെ വാദം സ്വീകരിക്കുന്നത് നിയമപരവും നീതിപൂർവ്വമാണെന്നും കാണുന്നു. കൂടാതെ ക്ഷേത്രത്തിന്റെ കിഴക്കേ നടയിൽ തുടങ്ങി പുൽപ്പള്ളി-ചുണ്ടക്കൊല്ലി റോഡ് വരെ, ലീസ് ഭൂസ്വത്തിന്റെ അതിർത്തിയിലൂടെ ഡ്രൈനേജ് സൗകര്യത്തോടുകൂടിയുള്ള റോഡ് പഞ്ചായത്ത് ചെലവിൽ നിർമ്മിച്ച് സംരക്ഷിക്കും എന്നും, ബസ്സ്റ്റാന്റ് കൂടാതെ ബസ്സ്റ്റാൻറിൽ ശൗചാലയങ്ങളും ഇടവേളകളിൽ ഹ്രസ്വ താമസ സൗകര്യത്തിനുള്ള കെട്ടിടങ്ങളും മാത്രമേ നിർമ്മിക്കുകയുള്ളൂ എന്ന രേഖാമൂലമുള്ള ഉറപ്പ് നിർദ്ദിഷ്ട റോഡിന് തൊട്ടിരിക്കുന്നതും ബസ്സ്റ്റാന്റിന് അഭിമുഖമായിരിക്കുന്ന ദേവസ്വം സ്ഥലത്ത് വ്യാപാരസ്ഥാപനങ്ങൾ സ്ഥാപിച്ചു വരുമാനം ഉണ്ടാക്കാനുള്ള സൗകര്യപ്പെടുത്തലുകളോടെ ആകയാൽ ക്ഷേത്രത്തിൽ നിലവിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് നടത്തുന്നതിന്റെ അനുഭവ പരിചയം അടിസ്ഥാനമാക്കിയുള്ള പദ്ധതി പ്രായോഗികവും വളരെയധികം ഗുണകരമാണെന്നുമാണ് ദേവസ്വം അഭിഭാഷകന്റെ വാദം. പ്രസ്തുത വാദത്തെ ഖണ്ഡിക്കുന്ന തെളിവോ, വാദമോ പരാതിക്കാരുടെ ഭാഗത്ത് നിന്ന് ഇല്ലാത്തതിനാലും നിർദ്ദിഷ്ട പദ്ധതിയുടെ ലക്ഷ്യങ്ങളും ഗുണവശങ്ങളും പരിഗണിച്ച് ലീസ് വാടക ക്ഷേത്രത്തിന് അതീവ ഗുണകരമാണെന്നും സർക്കാർ നിശ്ചയിച്ച 2% എന്നത് 3,85,379 രൂപയേക്കാൾ ആദ്യ മൂന്ന് വർഷങ്ങളിൽ തന്നെ പ്രതിവർഷം ₹ 1,40,221-ന്റെ വർദ്ധനവ് വരുന്നു എന്നത് ഏതു വിധത്തിലും ദേവസ്വത്തിന് ഗുണപരമാണെന്ന് കണക്കാക്കാവുന്ന നിരക്കാണെന്ന് കണക്കാക്കുന്നു. സ്വത്തിന്റെ മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിലും നടപ്പിലുള്ള സ്ഥല വാടക നിരക്കിലും കുറവല്ല പാട്ട വാടക എന്ന് തീരുമാനിക്കാൻ പരിഗണിക്കുന്ന സമാന തെളിവുരേഖകൾ ലഭ്യമല്ലെന്ന ട്രസ്റ്റിയുടെ വാദവും, ആയതിന് യാതൊരു രേഖയും റിട്ട് ഹർജിക്കാർ ഹാജരാക്കിയിട്ടില്ല എന്ന സാഹചര്യവും നിലനിൽക്കെ സർക്കാർ വിജ്ഞാപന പ്രകാരമുള്ള 2% മറികടന്ന് 2.7% ആയി നിശ്ചയിക്കപ്പെട്ട നിരക്ക് സാമാന്യബുദ്ധിയിൽ കുറവല്ല എന്ന് നിരീക്ഷിക്കാൻ മാത്രമേ സാധിക്കുകയുള്ളൂ.

WP(C) No.10392/2023, എക്സിബിറ്റ് പി-4 A. A. Gopalakrishnan [(2007) scc 482] വിധിയിലെ അടിസ്ഥാനതത്ത്വം ക്ഷേത്രസ്വത്ത് ക്ഷേത്രത്തിന്റേതായി നിലനിൽക്കണമെന്നും പൊതു ആവശ്യം എന്ന സിദ്ധാന്തം ക്ഷേത്രസ്വത്തിന്റെ അന്യാധീനപ്പെടുത്തലിന് കാരണമാകാവുന്നതല്ലെന്നും ആയത് പ്രതിഷ്ഠയുടെതായി സംരക്ഷിക്കപ്പെടണം എന്നതുമാണ്. ക്ഷേത്രസ്വത്തുക്കൾ സംരക്ഷിക്കാൻ ഉത്തരവാദപ്പെട്ട ട്രസ്റ്റിമാരും പൂജാരിമാരും ജീവനക്കാരും മറ്റും ക്ഷേത്രസ്വത്ത് പാട്ടത്തിന്റെയും പ്രതികൂല കൈവശാവകാശവാദത്തിന്മേലും കൈക്കലാക്കി ദുരുപയോഗം ചെയ്യപ്പെടൽ അധികാരികളുടെ നിഷ്ക്രിയവും സജീവവുമായ കൂട്ടായ്മയിലൂടെയാണ് നടക്കുന്നത് എന്നും വേലി തന്നെ വിള തിന്നുന്ന ഇത്തരം ദുർവൃത്തികൾ ശക്തമായി കൈകാര്യം ചെയ്യപ്പെടേണ്ടതുമാണ് എന്നതാണ് ബഹു:കോടതിയുടെ നിരീക്ഷണം. ഈ തത്ത്വം തന്നെയാണ് Travancore Devaswom Board Vs. Mohanan Nair [2013 (3) KLT 132] എന്ന കേസിലെ വിധിക്കും പ്രസ്തുത കേസുകളിലെ വിധിക്കും അടിസ്ഥാനപ്പെട്ട മറ്റു വിധിന്യായങ്ങളിലേയും അടിസ്ഥാനം. കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ 103-ാം വകുപ്പിലും ബഹുമാനപ്പെട്ട ഹൈക്കോടതികളിൽ നിക്ഷിപ്തമായ സംരക്ഷിതാധികാരത്തിലും നിലീനമായ സിദ്ധാന്തവും മേൽവിധികളിലെ തത്ത്വം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തന്നെയാണ്. പക്ഷേ ദേവസ്വം ഭൂസ്വത്ത് 33 വർഷത്തേക്ക് പാട്ടത്തിന് നൽകാനുള്ള അനുമതിയ്ക്കായി 29-ാം വകുപ്പ് പ്രകാരമുള്ള ഈ നടപടിയിൽ ദേവസ്വം സ്വത്തിന്റെ അവകാശം ദേവസ്വത്തിൽ തന്നെ നിലനിർത്തി ക്ഷേത്രത്തിന്റെ താൽപര്യ സംരക്ഷണത്തോടെ നിശ്ചിതകാലയളവിലേക്ക് നിയമ വ്യവസ്ഥ പാലിച്ചുകൊണ്ടും നിയമം അനുശാസിക്കുന്ന വിധത്തിലും ഗുണപരമായും 33 വർഷത്തേക്ക് പ്രതിവർഷം ₹6,52,080 പാട്ടവാടകയിൽ ഓരോ മൂന്നുവർഷത്തിലും 12% വർദ്ധനവും, ദേവസ്വം സ്ഥലത്ത് ദേവസ്വത്തിന്റെ ഉടമസ്ഥാവകാശം നിലനിർത്തിക്കൊണ്ട് പാട്ടവ്യവസ്ഥയിലെ നിബന്ധനകൾ പ്രകാരം നിർമ്മിക്കുന്ന റോഡും ഡ്രെയ്നേജും പാട്ട വാടക സ്ഥലത്ത് വ്യാപാരസ്ഥാപനങ്ങൾ നിർമ്മിക്കില്ലെന്ന് നിബന്ധനയും ബസ് സ്റ്റാൻഡിലെ ടോയ്ലറ്റും ഹ്രസ്വകാല താമസസൗകര്യങ്ങളും ഭക്തർക്ക് ഉപയോഗപ്പെടുത്താവുന്ന സൗകര്യവും ദേവസ്വം വക സ്ഥലത്ത് നിർമ്മിക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് പ്രതീക്ഷിക്കാവുന്ന വാടകയും ദേവസ്വത്തിന് വളരെയധികം ഗുണകരമായ വ്യവസ്ഥകളോടെ 73 സെൻറ് സ്ഥലം സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഗ്രാമപഞ്ചായത്തിനു 33 വർഷത്തേക്ക് പാട്ടത്തിന് നൽകുന്നത് പ്രസ്തുത കേസുകളിലെ വിധികൾ പുറപ്പെടുവിക്കുന്നതിന് അടിസ്ഥാനമായ വസ്തുതകളുമായി താരതമ്യം പോലുമുള്ളതല്ല എന്നതിനാലും ബഹുമാനപ്പെട്ട കോടതി നിഷ്ക്കർഷിച്ച അന്തഃസത്തയ്ക്ക് യാതൊരുതരത്തിലും വിരുദ്ധമാകാത്ത തുമാണെന്ന് കാണുന്നു. കൂടാതെ ഇപ്പോൾ ക്ഷേത്രത്തിന് അത്യാവശ്യം ഇല്ലെങ്കിലും വളരെയധികം ഗുണകരമായ വ്യവസ്ഥകളോടെയുള്ള പാട്ടം 29-ാം വകുപ്പിലെ വ്യവസ്ഥ പൂർണ്ണമായി പാലിക്കപ്പെടുന്നതാണ് എന്നും, അനിവാര്യമായി വന്നുപെടുന്ന ദുരന്തങ്ങളും അപ്രതീക്ഷിത സാഹചര്യങ്ങളും തരണം ചെയ്യാനും വർദ്ധിച്ചുവരുന്ന ഭക്തജനങ്ങളുടെ അവശ്യ സൗകര്യങ്ങളും ക്ഷേത്രത്തിന്റെ കീർത്തി വർദ്ധിപ്പിക്കുന്നതിനും അതിനനുസൃതമായി ഭാവി വികസനവും മുൻകൂട്ടി കണ്ടുകൊണ്ടുള്ള ഒരു പദ്ധതി അടിസ്ഥാനമാക്കിയതിനാൽ ക്ഷേത്രത്തിനു ഗുണപരം മാത്രമല്ല ഭാവിയിലെ അത്യാവശ്യമായി കണക്കാക്കാവുന്നതാണെന്നും കാണുന്നു.

ബഹുമാനപ്പെട്ട കോടതി WP(C) No.10392/2023–ലെ 11-7-2023–ലെ വിധിയിൽ ടി. കൃഷ്ണകുമാർ കേസിലെ [2022(4) KLT 798] വിധിയുടെ വെളിച്ചത്തിൽ പൊതു ആവശ്യമെന്ന സിദ്ധാന്തം ബാധകം ആകുന്നതല്ലെന്നും ക്ഷേത്ര പ്രതിഷ്ഠയുടെയും ഭക്തരുടെയും താല്പര്യമാണ് സ്വാധീനിക്കപ്പെടേണ്ടത് എന്നും സ്വത്തിന്റെ മാർക്കറ്റ് വാടക പരിഗണിച്ചാണ് തീരുമാനം ഉണ്ടാവേണ്ടത് എന്നുമാണ് 31-ാം ഖണ്ഡികയിൽ നിരീക്ഷിക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത കേസിൽ ബഹു.കോടതി Abu, K. S. Vs Travancore Devaswom Board and Others കേസിലും (2022 scc online KER 1642) എന്ന കേസിൽ ബഹു.കേരള ഹൈക്കോടതി നിർദ്ദേശിച്ച നിയമം കണക്കിലെടുത്ത് M.V. Ramasubhaiyar Vs Manicka Narasimachara [(1979(2) ssc 65] എന്ന കേസിൽ ബഹു. സുപ്രീം കോടതിയുടെ വിധിയെ അടിസ്ഥാനമാക്കി ദേവസ്വങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ പാട്ടത്തിന് നൽകുമ്പോൾ കൊച്ചിൻ ദേവസ്വം ബോർഡും അതിലെ ഉദ്യോഗസ്ഥരും പ്രസ്തുത കെട്ടിടത്തിൽനിന്ന് ശരിയായ വരുമാനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം എന്നാണ് വിധി പ്രസ്താവിച്ചിരുന്നത്. മേൽവിധിയിൽ അടിസ്ഥാനമാക്കിയ Abu. K. S. (2022 scc online KER 1642) എന്ന കേസും കോട്ടയത്തുള്ള അയ്മനം ശ്രീ. നരസിംഹം ഓഡിറ്റോറിയം 1-8-2019 മുതൽ 31-7-2021 വരെയുള്ള കാലയളവിലേക്ക് ലേലം കൊണ്ടതിൽ പകുതി ലേലത്തുക അടയ്ക്കുകയും ബാക്കി തുക അടയ്ക്കാതെ കോവിഡ് മഹാമാരിയുടെ കാരണം പറഞ്ഞു കെട്ടിടം ഒഴിപ്പിക്കുന്നതിൽ നിന്നും തടസ്സം ചെയ്യുന്നതിന് നിർദ്ദേശിക്കാൻ ഫയൽ ചെയ്തിട്ടുള്ളതും M. V. Ramasubhaiyar [(1979(2) ssc 65)] കേസ് ട്രസ്റ്റ് സ്വത്ത് മാർക്കറ്റ് വിലയേക്കാൾ കൂടുതൽ വിലക്ക് വാങ്ങാൻ ആളുകൾ ഉണ്ടായിരിക്കെ കുറഞ്ഞ വിലയ്ക്ക് സ്വന്തക്കാർക്ക് വില്പന നടത്തിയ വിഷയത്തിൽ ട്രസ്റ്റിനോട് വിശ്വസ്തത പുലർത്തുന്നതിൽ ട്രസ്റ്റി വരുത്തിയ വീഴ്ച സംബന്ധിച്ച വിഷയത്തിലുള്ളതും ആണ് എന്ന് ദേവസ്വം അഭിഭാഷകൻ വാദിക്കുകയുണ്ടായി. പ്രസ്തുത കേസ് വിധികളും ആയതിനാൽ അടിസ്ഥാനമാക്കിയ കേസ് വിധികളും നഗരങ്ങളിലുള്ള കെട്ടിടങ്ങൾ സംബന്ധിച്ചതാണെന്നും, വയനാട് ജില്ലയിലെ പ്രധാന നഗരങ്ങളായ കൽപ്പറ്റ, ബത്തേരി എന്നിവിടങ്ങളിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിന്ന് 30 കിലോമീറ്റർ വീതവും മാനന്തവാടി നഗരത്തിൽ നിന്നും 20 കിലോമീറ്ററും ദൂരെ ഗ്രാമപ്രദേശത്ത് സ്ഥിതി ചെയ്യുന്ന റബ്ബർ മരങ്ങൾ ഉണ്ടായിരുന്നു എന്ന് പരാതിക്കാരൻ തന്നെ സമ്മതിക്കുന്ന ദേവസ്വം ഭൂസ്വത്തിന്റെ 33 വർഷക്കാലത്തേക്കുള്ള സ്ഥല വാടക നിശ്ചയിക്കുമ്പോൾ മേൽപ്പറഞ്ഞ വിധിയിലെ അന്തസത്ത ഉൾക്കൊള്ളണമെന്നും അതേസമയം മാർക്കറ്റ് വില അടിസ്ഥാനമാക്കുന്നതിന് അപ്രകാരം ലീസ് നൽകിയ ഒരു ഇടപാടും ഉദാഹരണമായി ചൂണ്ടിക്കാണിക്കാനില്ലാത്തതിനാൽ കോടതിവിധിയിലെ അന്തഃസത്ത ഉൾകൊണ്ടുള്ള നിരക്കാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത് എന്നും ലീസിന് നൽകുന്നതിൽ പൊതു താൽപര്യം പരിഗണിച്ചിട്ടില്ലെന്നും ദേവസ്വം ഭൂസ്വത്തിന്റെ സംരക്ഷണവും ന്യായമായ വാടകയും ദേവസ്വം താൽപര്യവും ഭക്തരുടെ താൽപര്യവും മാത്രമാണ് പരിഗണിച്ചിട്ടുള്ളതെന്നും ദേവസ്വം അഭിഭാഷകൻ വാദം ഉന്നയിച്ചു. അടിസ്ഥാനമാക്കാവുന്ന മാർക്കറ്റ് വില ഉള്ള പക്ഷം ആയത് പരാതിക്കാർക്കും ഹാജരാക്കാവുന്നതാണ് എങ്കിലും റിട്ട് ഹർജിക്കാരുടെ ഭാഗത്തുനിന്ന് അത്തരം തെളിവുകൾ യാതൊന്നും ഹാജരാക്കപ്പെട്ടിട്ടില്ലാത്തതിനാലും നിശ്ചയിക്കപ്പെട്ട വാടകയ്ക്ക് അടിസ്ഥാനമാക്കപ്പെട്ട സർക്കാർ വിജ്ഞാപന രേഖ സംബന്ധിച്ച് എതിർപ്പോ അനിഷേധ്യമായ മറ്റു തെളിവുകളോ ഹാജരാക്കപ്പെടാത്തതിനാൽ പാട്ട വാടക നിശ്ചയിച്ചതിൽ WP(C) No.10392/2023-ലെ വിധിയിൽ അടിസ്ഥാനമാക്കപ്പെട്ട കേസുകളിൽ ട്രസ്റ്റി എന്ന നിലയിൽ ദേവസ്വത്തോട് വിശ്വസ്തത പുലർത്തിക്കൊണ്ടുള്ള നടപടിയാണെന്നും ദേവസ്വം സ്ഥലത്തിന് ന്യായമായ വാടകയാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത് എന്നും ക്ഷേത്രത്തിന്റെയും ക്ഷേത്രഭക്തരുടെയും താല്പര്യങ്ങൾ മാത്രം പരിഗണിച്ചാണ് തീരുമാനമെടുത്തിട്ടുള്ളതെന്നും പൊതു താൽപര്യം അശേഷം പരിഗണിച്ചിട്ടില്ല എന്നുമുള്ള ദേവസ്വം അഭിഭാഷകന്റെ വാദം സ്വീകാര്യമാണെന്ന് വിലയിരുത്തുന്നു.

ട്രസ്റ്റി ഹാജരാക്കിയ രേഖകൾ സർക്കാർ ഭൂസ്വത്തിന് പാട്ടം നിശ്ചയിക്കുന്നതിന് അടിസ്ഥാനമാണ് എന്നതും ദേവസ്വം ഭൂസ്വത്തുക്കൾക്ക് സർക്കാർ വക ഭൂസ്വത്തിന്റെ സമാന പരിഗണനയാണ് ഹിന്ദു മത ധർമ്മ സ്ഥാപന നിയമത്തിൽ വ്യവസ്ഥ ചെയ്തത് എന്നതും പരിഗണിച്ച് ഫെയർ വാല്യുവിന്റെ 2 % പാട്ടവാടക എന്നത് ഈ നടപടിയിൽ പരമാവധി പാട്ടം നിശ്ചയിക്കുന്നതിന് 2.7% നിരക്ക് നിശ്ചയിക്കുന്നതിന് മാർഗ്ഗദർശകമാക്കാൻ സർക്കാർ അടിസ്ഥാനമാക്കുന്ന രേഖകൾ തന്നെയാണ് പരിഗണിച്ചത് എന്നതും കണക്കിലെടുക്കുന്നത് നിയമപരമാണെന്നതും നീതിപരമാണെന്നും കണക്കാക്കുന്നു.

മേൽ നടപടിയിൽ ഉന്നയിക്കപ്പെട്ട തെളിവുകളും നിയമപരവും വസ്തുതാപരവുമായ എല്ലാ വാദങ്ങളും പരിഗണിച്ച് വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി താലൂക്കിൽ പുൽപ്പള്ളി വില്ലേജിൽ റീസ. 602/3-ൽ ശ്രീ പുൽപ്പള്ളി മുരിക്കൻമാർ ദേവസ്വം വക ഈ ഉത്തരവിന്റെ അനുബന്ധം-1 കാണിച്ചിരിക്കുന്നതും ഇതോടൊന്നിച്ച് അനുബന്ധം -2 ആയി ചേർക്കുന്ന സ്കെച്ചിലുള്ളതുമായ 73 സെന്റ് സ്ഥലം ഒരു സെന്റിന് പ്രതിമാസം 600 രൂപ നിരക്കിലും ഓരോ 3 വർഷം പൂർത്തിയാക്കുമ്പോഴും അപ്പോൾ നിലനിൽക്കുന്ന പാട്ട വാടകയിൽ 12% വർദ്ധനവ് വരുത്തിക്കൊണ്ട് പാട്ടത്തുക ലഭിക്കത്തക്കവിധം പരമാവധി 33 വർഷക്കാലത്തേക്ക് പുൽപ്പള്ളി ഗ്രാമപഞ്ചായത്തിന് ബസ്സ്റ്റാന്റ് നിർമ്മാണത്തിനായി പാട്ടത്തിന് നൽകുന്നതിന് ഹിന്ദു മത ധർമ്മ സ്ഥാപന നിയമത്തിലെ 29-ാം വകുപ്പ് പ്രകാരം ദേവസ്വം ട്രസ്റ്റിയ്ക്ക് ഇതിനാൽ അനുമതി നൽകുന്നു. പുൽപ്പള്ളി ഗ്രാമപഞ്ചായത്തുമായി ഒപ്പ് വെച്ച് രജിസ്റ്റർ ചെയ്ത ഉടമ്പടിയുടെ പകർപ്പ് മലബാർ ദേവസ്വം ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ് എന്നും ഇതിൽ നിന്നും ലഭിക്കുന്ന വരുമാനം ദേവസ്വത്തിന്റെ വികസനം, കെട്ടിട നിർമ്മാണം, ഭക്തർക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്നിവയ്ക്ക് മാത്രം ഉപയോഗിക്കേണ്ടതാണെന്നും നിഷ്ക്കർഷിക്കുന്നു. അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ WP(C)No.12962/2023 തീയതി 30-10-2024 പ്രകാരമുള്ള വിധിയിലെ നിർദ്ദേശം നടപ്പാക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അനുബന്ധം പട്ടിക - 1

വില്ലേജ്	റീ.സ. നമ്പർ	അളവ്	സ്ഥാനം
പുൽപ്പള്ളി	602/3	73 സെന്റ്	പുൽപ്പള്ളി ബസ് സ്റ്റാന്റിന് പിൻവശം

അതിരുകൾ:

കിഴക്ക്
വടക്ക് } ദേവസ്വം സ്ഥലം
പടിഞ്ഞാറ്
തെക്ക്

മലബാർ ദേവസ്വം ബോർഡ്, (ഒപ്പ്)
കോഴിക്കോട്-6. കമ്മീഷണർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

WAYANAD DISTRICT

വയനാട് ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ: ഡി. ആർ. മേഘശ്രീ, ഐ.എ.എസ്.)

നമ്പർ DCWYD/5015/2022-B5. 2025 ആഗസ്റ്റ് 14.

വിഷയം:— ഭൂമിയുടെ ന്യായവില പുനർനിർണ്ണയം—മുട്ടിൽ സൗത്ത് വില്ലേജ്-ബ്ലോക്ക് നമ്പർ 17, റീസർവ്വേ നമ്പർ 391/2, 391/9 പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നു.

പരാമർശം:—(1) ശ്രീ. അബ്ദുൾ ജലീൽ, ശ്രീമതി വർധ, കുണ്ടുകുളം വീട്, കൽപ്പറ്റ എന്നിവരുടെ അപേക്ഷ.

(2) വൈത്തിരി തഹശീൽദാരുടെ 12-7-2023, 22-3-2025, 27-6-2025 എന്നീ തീയതികളിലെ TLKVYT/2281/2022-A2 നമ്പർ കത്ത്.

(3) ജില്ലാ രജിസ്ട്രാറുടെ 5-7-2025-ലെ DRGWYD/799/2025-M2 നമ്പർ കത്ത്.

(4) ലാൻഡ് റവന്യൂ കമ്മീഷണറുടെ 24-9-2023-ലെ LR/10564/2023-LR(A3) നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) പ്രകാരം വൈത്തിരി താലൂക്കിൽ മുട്ടിൽ സൗത്ത് വില്ലേജിൽ ബ്ലോക്ക് നമ്പർ 17-ൽ ശ്രീ. അബ്ദുൾ ജലീൽ, ശ്രീമതി വർധ, കുണ്ടുകുളം വീട്, കൽപ്പറ്റ എന്നിവർ കൈവശം വച്ചു വരുന്ന റീ സർവ്വെ നമ്പർ 391/2-ൽപ്പെട്ട 93.50 ആർസ് പുരയിടത്തിന്റേയും 391/9-ൽപ്പെട്ട 35.03 ആർസ് പുരയിടത്തിന്റെയും ന്യായവില പുനർ നിർണ്ണയിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു.

മുട്ടിൽ സൗത്ത് വില്ലേജിൽ ബ്ലോക്ക് നമ്പർ 17-ൽ റീസർവ്വെ നമ്പർ 391/2-ൽപ്പെട്ട 93.50 ആർസ് പുരയിടവും 391/9-ൽപ്പെട്ട 35.03 ആർസ് പുരയിടവും ശ്രീ. അബ്ദുൾ ജലീൽ, ശ്രീമതി വർധ, എന്നിവർ നികുതി ഒടുക്കി കൈവശം വച്ച് വരുന്നു. ടി സ്ഥലം മുട്ടിൽ-മാണ്ടാട് റോഡിൽ മാണ്ടാട് ജംഗ്ഷനിൽ നിന്നും മാണ്ടാട് ക്വാറി റോഡിലൂടെ മുട്ടിൽ മലയിലേക്കുള്ള പഞ്ചായത്ത് കോൺക്രീറ്റ് റോഡ് വഴി ഉദ്ദേശം 2 കി.മീ. ചെല്ലുമ്പോൾ ടി റോഡ് അവസാനിക്കുന്നതിന് ഉദ്ദേശം 200 മീ. മുന്നിലായി, ടി റോഡിന് വടക്ക് റി.സ.391/2-ൽപ്പെട്ട പുരയിടവും ടി റോഡിന് തെക്ക് റി.സ. 391/9-ൽ പ്പെട്ട പുരയിടവും സ്ഥിതി ചെയ്യുന്നു. കുത്തനെയുള്ള കയറ്റവും തകർന്ന റോഡും അടിസ്ഥാന സൗകര്യങ്ങളുടെ കുറവും നിമിത്തം പരിസര പ്രദേശങ്ങളിൽ നിലവിൽ ആൾത്താമസം വളരെ കുറവാണ്. മേൽ ഭൂമിയിൽ വീടോ കാര്യമായ കൃഷികളോ ഒന്നും തന്നെയില്ല. 2010-ൽ പ്രസിദ്ധപ്പെടുത്തിയ ഗസറ്റ് വിജ്ഞാപനപ്രകാരം മുട്ടിൽ സൗത്ത് വില്ലേജിൽ ബ്ലോക്ക് 17-ൽ റീ.സ. 391/2-ൽ പ്പെട്ട സ്ഥലത്ത് ക്ലാസ്സിഫിക്കേഷൻ 'Residential Plot with Corp./Mun./Panch. road access' എന്നും റീ.സ. 391/9-ൽപ്പെട്ട സ്ഥലത്തിന് ഫെയർവാല്യൂ രേഖപ്പെടുത്തിയിട്ടില്ലാത്തതുമാണ്. അപേക്ഷ വസ്തുവിന് സമവും സമാനവുമായ ബ്ലോക്ക് 17, റീ.സ. നമ്പർ 386/4-ൽ ഉൾപ്പെട്ട ഭൂമിയുടെ ന്യായവില 19-3-2013-ലെ 12-ാം നമ്പർ ഗസറ്റ് പ്രകാരം 'Hill Tract without Road Access' എന്ന ഗണത്തിൽ ഉൾപ്പെടുത്തി ₹14,820 ആയി പുനർ നിർണ്ണയിച്ചിട്ടുള്ളതും ടി വസ്തുവിന് സമാന സ്വഭാവത്തിലുള്ളതുമാണെന്നും ആയതിനാൽ അപേക്ഷ വസ്തുവിന് സമാന വസ്തുവിന് നിശ്ചയിച്ചിരിക്കുന്നതുപോലെ 2010-ലെ നിരക്ക് പ്രകാരം ഫെയർ വാല്യൂ 'Hill Tract with Road Access' എന്ന ഗണത്തിൽ ഉൾപ്പെടുത്തി ₹14,820 എന്ന് നിശ്ചയിക്കാവുന്നതാണെന്ന് പരാമർശം(2) പ്രകാരം വൈത്തിരി തഹശീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഡെപ്യൂട്ടി കളക്ടർ (എൽ.എ.), ജില്ലാ രജിസ്ട്രാറുടെയും, വില്ലേജ് ജീവനക്കാരുടെയും, ഹർജിക്കാരുടെയും സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധനടത്തി. ബ്ലോക്ക് 17-ൽ റീസർവ്വെ നമ്പർ 391/2-ൽപ്പെട്ട ഭൂമിയ്ക്ക് 'Residential Plot with Corp./Mun./Panch. road access' എന്ന ക്ലാസ്സിഫിക്കേഷനിൽ ₹39,520 ഫെയർ വാല്യൂ നിശ്ചയിച്ചതായി കാണുന്നു. 391/9-ൽപ്പെട്ട ഭൂമിക്ക് ന്യായവില നിശ്ചയിച്ചിട്ടില്ലാത്തതുമാണ്. അപേക്ഷ വസ്തുക്കൾക്ക് സമവും സമാനവുമായ വസ്തു ഫെയർ വാല്യൂ നിർണ്ണയത്തിന് പരിഗണിച്ചപ്പോൾ റി.സ.നമ്പർ 386/4-ൽപ്പെട്ട വസ്തു 'Hill Tract without Road Access' എന്ന ക്ലാസ്സിഫിക്കേഷനിൽ ഉള്ളതും അടിസ്ഥാന ഫെയർവാല്യൂ ₹14,820 നിശ്ചയിച്ചിട്ടുള്ളതും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അപേക്ഷ വസ്തുക്കളുടെ സമാന സ്വഭാവത്തിലുള്ളതും ആയതിനാൽ അപേക്ഷ വസ്തുവിന് അടിസ്ഥാന ഫെയർ വാല്യു ₹14,820 എന്ന് നിശ്ചയിക്കാവുന്നതും വസ്തുക്കൾ 'Hill Tract with Road Access' എന്ന ക്ലാസ്സിഫിക്കേഷനിൽ ഉൾപ്പെടുത്താവുന്നതുമാണ് എന്ന് പരാമർശം (3) പ്രകാരം ജില്ലാ രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വകുപ്പ് 28(എ) (1എ) പ്രകാരം ന്യായവില പുതുക്കി നിശ്ചയിക്കാത്ത സാഹചര്യത്തിൽ അടിസ്ഥാന ന്യായവിലയായി കണക്കാക്കേണ്ടത് 2010-ൽ നിശ്ചയിച്ച ന്യായവില തന്നെയാണ് എന്ന് പരാമർശം (4) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ വൈത്തിരി താലൂക്ക്, മുട്ടിൽ സൗത്ത് വില്ലേജിൽ ശ്രീ. അബ്ദുൾ ജലീൽ, ശ്രീമതി വർധ, കുണ്ടുകുളം വീട്, കൽപ്പറ്റ എന്നിവർ കൈവശം വച്ചു വരുന്ന ബ്ലോക്ക് 17, റീസർവ്വെ നമ്പർ 391/2, 391/9-ൽപ്പെട്ട ഭൂമിയ്ക്ക് 'Hill Tract with Road Access' എന്ന ഗണത്തിൽ ഉൾപ്പെടുത്തി ₹14,820 ന്യായവില പുനർ നിർണ്ണയിച്ച് ഫോറം സി ഗസറ്റ് വിജ്ഞാപനം നടത്തുന്നതിനായി ഇതിനാൽ ഉത്തരവാകുന്നു.

സർക്കാർ ഉത്തരവ് G.O.(P) No. 45/2023/Taxes തീയതി 25-4-2023 നമ്പർ ഉത്തരവ് പ്രകാരം 264% വർദ്ധനവ് പുതുക്കിയ ന്യായവിലയ്ക്ക് ബാധകമായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM 'C'

[*See* Rule 5(8)]

NOTIFICATION

No. DCWYD/5015/2022-B5. *14th August 2025.*

Whereas it is expedient to publish a notification showing revised value of land as required under section 28A of the Kerala Stamp Act, 1959, read with sub-rule (8) of Rule 5 of the Kerala Stamp (Fixation of Fair value of land) Rules,1995, the fair value of land in Resurvey No. 391/2, 391/9 of Block No. 17, Muttil South Village, Vythiri Taluk of the Wayanad District is hereby fixed finally as shown in the Schedule hereto:

SCHEDULE

Name of District	*Name of Taluk*	*Name of Village and Survey No. with Sub-division No.*	*Corporation/ Municipality/ Panchayath*	*Ward*	*Classification by use*	*Fair Value of the land already fixed per Are(₹) as on 6-3-2010*	*Revised Fair Value of land per Are(₹) as on 6-3-2010*
(1)	(2)	(3)	(4)	(5)	(6)	(7)	(8)
Wayanad	Vythiri	Muttil South 391/2, 391/9 Block No.17	Muttil	13	Hill Tract with Road access	39,520	14,820

Collectorate,
Wayanad.

(Sd.)
District Collector.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM No.4

NOTIFICATION UNDER SECTION 9(2) OF THE KERALA SURVEY AND BOUNDARIES ACT, 1961

(See Rule 23 and 38)

TOIRTY/591/24- D2 Dated :19.08.2025

The subjoined statement is an extract from the Survey field register giving particulars of the lands registered and surveyed in the name of concerned appeal, if any, against the Survey should be presented within three months from the date of service of this notice to the officer in charge of the survey whose headquarters are at **Iritty**.

Field maps may be obtained on, application and payment of the fees prescribed from time to time.

SHEDULE

District : KANNUR VILLAGE:KALLIAD

Taluk : IRITTY Desom : KALLIAD

As per revenue accounts			**As now surveyed**			Remarks
Survey field number	Sub-division number	Area in Hectares	Survey field number	Sub-division nummber	Area Hectares	
1	2	3	4	5	6	7
46	20	0.4047	46	20 143	0.3238 0.0809	

Office : Taluk Office, Iritty **Sd-**

Tahsildar ,Land records

Iritty

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

DCKSGD/1384/2025-C3 തീയ്യതി: 21/08/2025

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 279-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് 16/10/2024 തീയ്യതിയിലെ സ.ഉ.(അച്ചടി)നം.54/2024/LSGD, 06.12.2024 തീയ്യതിയിലെ സ.ഉ.(അച്ചടി)നം.67/2024/LSGD നമ്പർ ഉത്തരവുകൾ പ്രകാരം സർക്കാർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനെന്ന നിലയ്ക്ക് കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 279-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം കാസറഗോഡ് ജില്ലയിലെ ചെമ്മനാട്, മധൂർ, ഉദുമ ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ കന്നുകാലി മേച്ചിൽ പുറം എന്ന് രേഖപ്പെടുത്തിയതുമായ താഴെ പറയുന്ന ഭൂമികളെ പ്രസ്തുത ആക്ടിന്റെ പരിധിയിൽ നിന്നും ഇതിനാൽ ഒഴിവാക്കുന്നു.

ജില്ല - കാസറഗോഡ്

A. താലൂക്ക് - കാസറഗോഡ്

ക്രമ നമ്പർ	ഗ്രാമപഞ്ചായത്ത്	വില്ലേജ്	സർവെ നമ്പർ	വിസ്തീർണ്ണം (ഹെക്ടറിൽ)	നാലതിരുകൾ
1	മധൂർ	മധൂർ	റീ സർവ്വെ നമ്പർ 191/2-1	0.0607	വടക്ക്-പഞ്ചായത്ത് റോഡ് കിഴക്ക് - PWD റോഡ് തെക്ക്-നബീസ പടിഞ്ഞാറ്-മധൂർ ഗ്രാമപഞ്ചായത്തിന്റെ സ്ഥലം(ആയിഷയുടെ കൈവശം)
2	മധൂർ	മധൂർ	റീ സർവ്വെ നമ്പർ 191/2-2	0.0607	വടക്ക്-മധൂർ ഗ്രാമപഞ്ചായത്തിന്റെ സ്ഥലം(ആയിഷയുടെ കൈവശം),ഇബ്രാഹിം കിഴക്ക് - PWD റോഡ് തെക്ക്- മൊഹമ്മദ് പടിഞ്ഞാറ്- മധൂർ ഗ്രാമപഞ്ചായത്തിന്റെ സ്ഥലം(ആയിഷയുടെ കൈവശം),
3	മധൂർ	മധൂർ	റീ സർവ്വെ നമ്പർ 191/2-3	0.0607	വടക്ക് - നബീസ കിഴക്ക് - PWD റോഡ് തെക്ക് - സീതി പടിഞ്ഞാറ്- മധൂർ ഗ്രാമപഞ്ചായത്തിന്റെ സ്ഥലം
4	മധൂർ	മധൂർ	റീ സർവ്വെ നമ്പർ 191/2-4	0.0607	വടക്ക്-മധൂർ ഗ്രാമപഞ്ചായത്തിന്റെ സ്ഥലം(ആയിഷയുടെ കൈവശം),മൊഹമ്മദ് കിഴക്ക് - PWD റോഡ് തെക്ക്- മധൂർ ഗ്രാമപഞ്ചായത്തിന്റെ സ്ഥലം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

					പടിഞ്ഞാറ്– മധൂർ ഗ്രാമപഞ്ചായത്തിന്റെ സ്ഥലം
5	ചെമ്മനാട്	തെക്കിൽ	റീ സർവ്വെ നമ്പർ 102/1C50	0.0536	വടക്ക് – 102/1C51, 102/1C52 കിഴക്ക് – 102/1C54 തെക്ക് – 102/1C46 പടിഞ്ഞാറ് –102/1C55
6	ചെമ്മനാട്	തെക്കിൽ	റീ സർവ്വെ നമ്പർ 256/9N1	0.0607	വടക്ക് – 256/9N കിഴക്ക് – റോഡ് തെക്ക് – റോഡ് പടിഞ്ഞാറ് – 256/9N
7	ചെമ്മനാട്	ചെമ്മനാട്	റീ സർവ്വെ നമ്പർ 255/1F	0.0129	വടക്ക് – 255/1pt കിഴക്ക് – 255/1 റോഡ് തെക്ക് – 255/1G (ലക്ഷംവീട് കോളനിയുടെ കിണർ) പടിഞ്ഞാറ് – 255/1E (ശ്രീമതി. കാർത്ത്യായനിക്ക് പതിച്ചു നൽകിയ ഭൂമി)
8	ചെമ്മനാട്	പെരുമ്പള	റീ സർവ്വെ നമ്പർ 139/27	0.0182	വടക്ക് – 139/pt കിഴക്ക് – 139/pt (പഞ്ചായത്ത് റോഡ്) തെക്ക് – 139/pt പടിഞ്ഞാറ് – 139/pt
B. താലൂക്ക് – ഹോസ്ദുർഗ്ഗ്					
9	ഉദുമ	ബാര	റീസർവേ നമ്പർ 383/3A പ്ലാൻ മാർക്ക് 8	0.0162	വടക്ക് – മേച്ചിൽപുറം കിഴക്ക് – മേച്ചിൽപുറം തെക്ക് – സീത എന്നവർക്ക് പതിച്ച് നൽകുന്നതിന് ശിപാർശ ചെയ്ത ഭൂമി പടിഞ്ഞാറ് – അപ്പു എന്നവർക്ക് പതിച്ച് നൽകുന്നതിന് ശിപാർശ ചെയ്ത ഭൂമി
10	ഉദുമ	ബാര	റീസർവേ നമ്പർ 383/3A പ്ലാൻ മാർക്ക് 4	0.0405	വടക്ക് – 383/3എ (മേച്ചിൽപുറം) കിഴക്ക് – 383/3എ (സീത, മോഹനൻ ടി ജി എന്നിവർക്കു പതിച്ച് നൽകുന്നതിന് ശിപാർശ ചെയ്ത ഭൂമി) തെക്ക് – 383/3എ (മേച്ചിൽപുറം) പടിഞ്ഞാറ് – 383/3എ (മേച്ചിൽപുറം)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

	ഉദുമ	ബാര	റീസർവേ നമ്പർ 383/3A പ്ലാൻ മാർക്ക് 5	0.0162	വടക്ക് – 383/3എ (മേച്ചിൽപുറം, റോഡിന് മാറ്റിവച്ച സ്ഥലം) കിഴക്ക് – ബാലകൃഷ്ണൻ എന്നവർക്കു പതിച്ച് നൽകുന്നതിന് ശിപാർശ ചെയ്ത ഭൂമി) തെക്ക് – 383/3എ (റോഡിന് മാറ്റി വെച്ച സ്ഥലം) പടിഞ്ഞാറ് – 383/3എ (റോഡിന് മാറ്റി വെച്ച സ്ഥലം)

(ഒപ്പ്)

ജില്ലാ കളക്ടർ,
കാസറഗോഡ്

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.26 03:13:41 +05:30